

## ചരിത്രത്തിന്റെ ചരിത്രം

A.D. പത്താം നൂറ്റാണ്ടു മുതൽ പാലായിൽ താമസമുറപ്പിച്ച 'തറയിൽ' മഹാകുടുംബത്തിന്റെ ഒരു പ്രധാനശാഖയായ 'കാപ്പിൽ' തറവാടിന്റെയും ളാലം സെന്റ് മേരീസ് പള്ളിയുടെയും സ്ഥാപകനാണ് പ്രസിദ്ധനായിരുന്ന ശ്രീ. ചെറിയാൻ കുര്യൻ. അദ്ദേഹത്തിന്റെ പൗത്രനായ ചെറിയാൻ കുര്യനാണ് മൈലാടൂർ കുടുംബസ്ഥാപകൻ. ഇദ്ദേഹത്തിന്റെ മൂന്നാമത്തെ പുത്രൻ ചെറിയാൻ കുര്യൻ കട്ടക്കയം ചാണ്ടി മാപ്പിളയുടെ മകൾ മറിയത്തെ വിവാഹം ചെയ്തു. ഇവർ ളാലം കരയിൽ (പാലാ മുനിസിപ്പാലിറ്റിയുടെ ഇന്നത്തെ രണ്ടാം വാർഡ്) ഞാവള്ളിൽ പുരയിടത്തിൽ ഏകദേശം 1750-ൽ ഭവനം നിർമ്മിച്ചു താമസം തുടങ്ങിയതോടെയാണ് ഞാവള്ളിൽ കുടുംബത്തിന്റെ ആരംഭം. ഈ ഗ്രന്ഥത്തിൽ ഞാവള്ളിൽ കുടുംബത്തിന്റെ ചരിത്രം സാമാന്യം വിശദമായി വിവരിച്ചിരിക്കുന്നു.

**എന്തിനാണ് കുടുംബചരിത്രം?**

'എന്തിനാണ് കുടുംബചരിത്രം? എന്തിനാണ് കുടുംബയോഗം?' എന്നൊക്കെ ചിന്തിക്കുന്ന ഒരു വിഭാഗം, അഭ്യസ്തവിദ്യരുടെ ഇടയിൽപ്പോലും ഉണ്ടെന്നുള്ളത് ഖേദകരം എന്നേ പറയേണ്ടു.

വംശചരിത്രവും കുലപാരമ്പര്യവും അറിഞ്ഞിരിക്കുക എന്നത് നമ്മുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട കാര്യമാണെന്നുള്ളതിന് വേണ്ടത്ര തെളിവുകൾ വേദപുസ്തകത്തിൽനിന്നുതന്നെ നമുക്ക് ലഭിക്കുന്നുണ്ട്. വിശുദ്ധ മത്തായി സുവിശേഷം ആരംഭിക്കുന്നത് ഈശോയുടെ വംശാവലി വിവരിച്ചുകൊണ്ടാണ്. ആദം മുതലുള്ള വംശചരിത്രം അനുസ്മരിച്ചുകൊണ്ടാണ് വിശുദ്ധ ലൂക്കായും തന്റെ സുവിശേഷം എഴുതിയിരിക്കുന്നത്. ഇത് നിർലക്ഷ്യമാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ക്രിസ്തുനാഥന്റെ ജനനം പ്രവാചകന്മാരുടെ പ്രവചനം പോലെതന്നെ ദാവീദിന്റെ വംശത്തിൽത്തന്നെയാണെന്ന് സ്ഥാപിക്കുന്നതിനും ഏതു പ്രതിസന്ധിയേയും തരണം ചെയ്യുന്നതിന് പര്യാപ്തമായ വിശ്വാസദാർഢ്യവും കരുത്തും സ്വന്തമാക്കിയിരുന്ന ഒരു ജനതയാണ് യഹൂദജനത എന്ന് അനന്തരഗാമികളെ ഓർമ്മപ്പെടുത്തുന്നതിനും വേണ്ടിയാണ്, ഈ വംശാനുചരിതവർണ്ണനം രണ്ടു സുവിശേഷകന്മാരും നടത്തിയിട്ടുള്ളത്. അകൃത്യങ്ങളിൽനിന്ന് അകന്നു നിൽക്കാനും സ്വധർമ്മങ്ങൾ ദൈവാശ്രയബോധത്തോടെ അനുഷ്ഠിക്കാനും ഏതൊരു മനുഷ്യനും തന്റെ കുടുംബപാരമ്പര്യവും വംശമഹത്വവും അറിഞ്ഞിരിക്കണമെന്നതാണ് വേദപുസ്തകത്തിലെ ഈ ഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

## നമ്മുടെ പാരമ്പര്യം

ഞാവള്ളിൽ കുടുംബത്തിലെ ആദ്യ തലമുറകളിലെ കാരണവൻ മാർ നമ്മുടെ കുടുംബപാരമ്പര്യത്തിൽ അഭിമാനിക്കുകയും കുടുംബ ത്തിന്റെ നിലയ്ക്കും അന്തസ്സിനും യാതൊരു കോട്ടവും വാട്ടവും തട്ടാതെ സൂക്ഷിച്ചു ജീവിക്കുകയും ചെയ്തിരുന്നു. തന്നെയുമല്ല തങ്ങളുടെ കുടുംബ ത്തിന്റെ വിശ്വാസസംബന്ധമായും വിദ്യാഭ്യാസപരമായും സാംസ്കാരിക മായും സാമ്പത്തികമായും ഉള്ള പാരമ്പര്യങ്ങൾ എന്താണെന്ന് അവർ ഇളം തലമുറയെ പറഞ്ഞുപഠിപ്പിക്കുകയും ചെയ്തിരുന്നു. ഇന്ന് അങ്ങനെയുള്ള രീതികൾ എല്ലാം നിലച്ചുപോയിരിക്കുന്നു എന്നു പറയാം. അതിനു പല കാരണങ്ങളും സാഹചര്യങ്ങളും ഉണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്ന് പുതിയ കുടുംബങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുമ്പോൾ അവരുടെ തത്കാല സാമ്പത്തികസ്ഥിതി മാത്രമേ പരിഗണിക്കുന്നുള്ളു എന്നതാണ്. വിശ്വാസ സാംസ്കാരികപാരമ്പര്യങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകാതെ സമ്പത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ബന്ധം ഉറപ്പിക്കുന്നു. അങ്ങനെ പരസ്പരം പൊരുത്തമില്ലാത്ത സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നും വന്നവരുടെ കുടുംബജീവിതവും അവതാളത്തിലായിത്തീരുന്നു. അറിയപ്പെടാത്ത പുതിയ കുടുംബങ്ങളുമായി വിവാഹാലോചനകൾ വന്നാൽ ഉടൻ ആ കുടുംബത്തിൽ ഒരു വൈദികനോ കന്യാസ്ത്രീയോ ഉണ്ടോയെന്ന് അന്വേഷണം നടത്തുന്ന ഒരു രീതി – അത് അത്രമേൽ ശാസ്ത്രീയമല്ലെങ്കിൽപ്പോലും – പണ്ടൊക്കെ നമ്മുടെ കാരണവന്മാർക്ക് ഉണ്ടായിരുന്നു. ഒരു അച്ചനോ ഒരു കന്യാസ്ത്രീയോ ഉണ്ടെങ്കിൽ ആ കുടുംബം തീരെ നശിച്ചുപോകില്ല എന്നായിരുന്നു അവരുടെ വിശ്വാസം. കാലങ്ങൾ കടന്നുപോകുകയും നമ്മുടെ ആളുകൾ ഉപജീവനാർത്ഥം അന്യ സ്ഥലങ്ങളിലേക്കും വിദേശങ്ങളിലേക്കും എല്ലാം കുടിയേറിപ്പാർക്കുകയും ചെയ്തതോടെ ഈ രീതികൾക്കെല്ലാം മാറ്റം വന്നു. കുടിയേറിപ്പാർത്തവർ അവിടുത്തെ സാഹചര്യമനുസരിച്ച് അന്യമതസ്ഥരേയും വർഗ്ഗക്കാരേയും ചിലപ്പോൾ നാസ്തികരേയുംപോലും ജീവിതപങ്കാളികളാക്കേണ്ടി വന്നി രിക്കാം. നമ്മൾ വിലപ്പെട്ടതായി പരിഗണിക്കുകയും പരിപാലിക്കുകയും ചെയ്തുപോന്ന കുടുംബബന്ധങ്ങളെ ഈ സാംസ്കാരികമായ മൂല്യ ശോഷണം വളരെയേറെ ഉലച്ചിട്ടുണ്ട് എന്ന് എനിക്കു തോന്നുന്നു. ഈ പശ്ചാത്തലത്തിൽ പുരാതന കുടുംബത്തിൽപ്പെട്ട ഒരു വ്യക്തിയെ തത്കാല സ്ഥിതിവിശേഷത്തെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കുന്നതിനും കുടുംബബന്ധ ങ്ങൾ സുദൃഢമായി നിലനിർത്തുന്നതിന് പ്രേരിപ്പിക്കുന്നതിനും കുടുംബ യോഗങ്ങളും കുടുംബചരിത്രവും പ്രയോജകീഭവിക്കുമെന്നതിന് സംശയ മില്ല. നമ്മുടെ പൂർവ്വികർ അനുഷ്ഠിച്ചിട്ടുള്ള ധീരോദാത്തവും ത്യാഗോ



ജ്ജ്വലവുമായ സേവനങ്ങളെപ്പറ്റി അറിയുന്നതിനും അതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ഇളം തലമുറയെ പ്രബുദ്ധരാക്കുന്നതിനും കുടുംബ യോഗങ്ങളും ചരിത്രവും ഉപകരിക്കാതിരിക്കില്ല.

അന്താരാഷ്ട്ര സംഘടനയായ യു.എൻ.ഒയും സാർവ്വത്രിക കത്തോ ലിക്കാ സഭയും ചേർന്ന് 1994 കുടുംബവർഷമായി ആചരിച്ചത് നാം ഓർക്കുന്നുണ്ടല്ലോ. ലോകത്താകമാനം പാശ്ചാത്യരാജ്യങ്ങളിൽ പ്രത്യേ കിച്ചും അനുദിനമെന്നോണം ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബ ഭദ്രതയെ പരിരക്ഷിക്കുന്നതിനായി നടത്തിയ ഒരു ധീരശ്രമമായിരുന്നു അത്. തീവ്രവാദം, മതമൗലികവാദം, രാഷ്ട്രങ്ങൾ തമ്മിലുള്ള കിടമത്സരം തുടങ്ങിയ അത്യാപൽക്കരമായ പ്രശ്നങ്ങൾ മൂലം നാശോന്മുഖമായി ക്കൊണ്ടിരിക്കുന്ന ലോകത്തെ നേർവഴിക്കാക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം കുടുംബങ്ങൾ ഭദ്രമാക്കുക മാത്രമാണെന്ന് ബോദ്ധ്യപ്പെട്ടിരുന്നതിന്റെ ഫലമായിരുന്നു അതെന്ന് പറയാം. കുടുംബയോഗങ്ങളുടെയും കുടുംബ ചരിത്രങ്ങളുടെയും പ്രസക്തി ഇവിടെ വ്യക്തമാകുന്നുണ്ടല്ലോ. 'Egypt is the Cradle of civilisation'എന്ന് ലോകചരിത്രത്തിൽ നാം കാണുന്നു. എന്നാൽ 'family is the cradle of culture' എന്ന കാര്യം നാം മറക്കരുത്.

## നമ്മുടെ ചരിത്രപശ്ചാത്തലം

എന്റെ ഓർമ്മ ശരിയെങ്കിൽ കഴിഞ്ഞ അറുപതോളം വർഷങ്ങളായി നമ്മുടെ കാരണവൻമാരിൽ ചിലർ ഒരു കുടുംബയോഗം ഉണ്ടാക്കുന്നതി നെപ്പറ്റിയും ചരിത്രം എഴുതുന്നതിനെപ്പറ്റിയും ചിന്തിച്ചുതുടങ്ങിയിരുന്നു. പ്രതിഫലം പറ്റിക്കൊണ്ട് കുടുംബചരിത്രം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്ന ചില പ്രസിദ്ധീകരണങ്ങളിൽ നമ്മുടെ ഞാവള്ളിൽ കുടുംബത്തെപ്പറ്റിയുള്ള ലഘു വിവരണങ്ങൾ (Write up) വന്നത് ഞാൻ കണ്ടിട്ടുണ്ട്. പിന്നീട്, എന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിട്ടുള്ള നമ്മുടെ കുടുംബാംഗം യശഃശ്ശരീനായ പെ. ബഹു. ചേനക്കാലായിൽ ചാണ്ടിച്ചൻ നമ്മുടെ കുടുംബ ത്തെപ്പറ്റിയും മൂലകുടുംബമായ തറയിൽ തറവാടിനെപ്പറ്റിയും പറഞ്ഞു കേട്ടിട്ടുണ്ട്. അതിനുശേഷം ദിവംഗതരായ ബഹു. ചാക്കോച്ചൻ ചൂരനാട്ട്, റവ. ഫാ. ജോൺ വിയാനി കാടങ്കാവിൽ C.M.I., റവ. ഫാ. മാത്യു പഴയിടം M.S.F.S. തുടങ്ങിയ ചില കുടുംബസ്നേഹികൾ ഞാവള്ളിൽ കുടുംബ ത്തെപ്പറ്റി പൊതുവായും അവരവരുടെ തറവാടുകളെപ്പറ്റി പ്രത്യേകമായും ചില ചരിത്രക്കുറിപ്പുകൾ തയ്യാറാക്കിയിരുന്നതായും റവ. സി. മേഴ്സി തെക്കേൽ, റവ. സി. ലിസ്യൂ തെരേസ് ചൂരനാട്ട് എന്നിവർ ആ കുറിപ്പുകൾ കുറേക്കൂടി വിപുലീകരിച്ച് അവരുടെ നോട്ടുബുക്കുകളിൽ പകർത്തിവച്ചി രുന്നതായും അറിയാം.



റവ. ഫാ. എബ്രാഹം കൈപ്പൻപ്ലാക്കലച്ചൻ ബഹു. തെക്കേൽ ജോസഫച്ചന് ഒരു കോപ്പി നൽകി ഞാവള്ളിൽ കുടുംബഡയറക്ടറി 2002 ജൂലൈയിൽ പ്രകാശനം ചെയ്യുന്നു.



ശ്രീ. കെ.എം. ചാണ്ടി പ്രഥമ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.



ശ്രീ. എ.റ്റി. ദേവസ്യ ഞാവള്ളിൽ തറവാട്ടിൽ നടത്തിയ യോഗത്തിൽ പ്രസംഗിക്കുന്നു.



കുടുംബയോഗം പത്താം വാർഷികസമ്മേളനത്തിൽ കുടുംബത്തിലെ ഏറ്റവും പ്രായംകൂടിയ കന്യാസ്ത്രീ സി. ആൻ കയത്തിൻകരയെ പൊന്നാടയണിയിച്ച് പ്രസിഡന്റ് ആദരിക്കുന്നു



പ്രൊഫ. റോസ്‌ലിൻഡ് ചെറിയാൻ ഒന്നാം വാർഷികത്തിൽ പ്രസംഗിക്കുന്നു.



### കുടുംബയോഗ രൂപവത്കരണം

ഏതായാലും കുടുംബചരിത്രം കഴിയുന്നതും ശാസ്ത്രീയമായും സമഗ്രമായും രൂപപ്പെടുത്തുന്നതിന് ഒരു കുടുംബയോഗം സംഘടിപ്പിക്കുന്നത് എല്ലാംകൊണ്ടും സഹായകരമാകുമെന്ന് പലരും അഭിപ്രായപ്പെടുകയും അതനുസരിച്ച് അന്താരാഷ്ട്ര കുടുംബവർഷമായി പ്രഖ്യാപിക്കപ്പെട്ട 1994-ൽ കുറേ കുടുംബാംഗങ്ങൾ കൂടിച്ചേർന്ന് കരൂർ പള്ളിമേടയിൽ വച്ച് ഒരു സമ്മേളനം നടത്തി, ശ്രീ. കെ.കെ. സിറിയക് കാടൻകാവിൽ അദ്ധ്യക്ഷനായി ഒരു അഡ്ഹോക് കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ കമ്മിറ്റി രണ്ടു വർഷക്കാലം ഞാവള്ളിൽ കുടുംബത്തിലെ എല്ലാ പ്രധാന ഭവനങ്ങളിലും - ഞാവള്ളിൽ തറവാട്, ആണ്ടുക്കുന്നേൽ, ചൂരനാട്ട്, പഴയിടത്ത്, പുത്തൻപുരയിൽ, മംഗലത്തിൽ, തെക്കേൽ, കാടൻകാവിൽ, അരങ്ങുമല, വല്യകൂന്താനം, കൂന്താനം (കരിങ്കുന്നം), പുത്തൻപുരയ്ക്കൽ, കയത്തുങ്കര, വിലങ്ങുപാറ, പുത്തൻപുരയിൽ (മുഞ്ഞനാട്ട്), ചേനക്കാലായിൽ - ഇങ്ങനെ മിക്കവാറും എല്ലാ ശാഖകളിലും വച്ച് കൂടുകയും സുദീർഘമായ ചർച്ചകൾക്കു ശേഷം കുടുംബയോഗത്തിന് വ്യവസ്ഥാപിതമായ ഒരു നിയമാവലിക്ക് രൂപം കൊടുക്കുകയും ചെയ്തു. 1996 ഓഗസ്റ്റ് 29-ാം തീയതി കരൂർ പാരിഷ് ഹാളിൽവച്ച് ആദ്യത്തെ പൊതുയോഗം കൂടി 'ഞാവള്ളിൽ കുടുംബയോഗം' സ്ഥാപിതമായതായി ഔദ്യോഗികമായി പ്രഖ്യാപിച്ചു (പൊതുയോഗ റിപ്പോർട്ട് അന്യത്ര).

### ഡേറ്റാ ശേഖരണം

ഓരോ കുടുംബശാഖയിലേയും പ്രതിനിധികളെ അതാതു ശാഖയുടെ ചരിത്രവിവരങ്ങൾ ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തിയെങ്കിലും വിവിധ കാരണങ്ങളാൽ ശേഖരണം വേണ്ടത്ര നടന്നില്ല. മലബാറിലേക്കും വിദേശ രാജ്യങ്ങളിലേക്കും മറ്റും താമസം മാറ്റിയവരുടെ വിവരങ്ങൾ ശേഖരിക്കാൻ കഴിയാതെ വന്നതാണ് മുഖ്യപ്രതിബന്ധം. കമ്മിറ്റിയംഗമായ ശ്രീ കുര്യച്ചൻ ചേനക്കാലായിൽ, തനിക്കു ലഭിച്ച ശാഖകളുടെ ചരിത്രരൂപരേഖ (ഔട്ട് ലൈൻ) വിതരണം ചെയ്തത് ഈ ഉദ്യമത്തിന് ഏറെ സഹായകമായി എന്ന കാര്യം പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ.

### കുടുംബഡയറക്ടറി

ഇങ്ങനെ അഞ്ചുകൊല്ലം മുമ്പോട്ടുപോയിട്ടും ചരിത്രം എങ്ങുമെങ്ങും എത്താത്തതിൽ പലർക്കും നിരാശയും ഉത്സാഹക്കുറവും ഉണ്ടായി. എങ്കിലും ഉടനെതന്നെ ഇന്നു ജീവിച്ചിരിക്കുന്ന എല്ലാ കുടുംബനാഥൻമാരുടെയും വൈദികരുടെയും സന്യസ്തരുടെയും വിലാസം ഉൾപ്പെടുന്ന ഒരു ഡയറക്ടറി ഉണ്ടാക്കുന്നതിന് പൊതുയോഗം കൂടി തീരുമാനിക്കുകയും രണ്ടു വർഷക്കാലത്തെ പ്രയത്നംകൊണ്ട് വിദേശത്തുള്ള മലയാളം അറിഞ്ഞുകൂടാത്ത

കുടുംബാംഗങ്ങൾക്കുകൂടി ഉപകരിക്കത്തക്കവണ്ണം ചരിത്രവും ജീനിയോളജിയും എല്ലാം വളരെ ഹ്രസ്വമായി ഉൾപ്പെടുന്ന ഒരു സമ്പൂർണ്ണ ഡയറക്ടറി ഇംഗ്ലീഷിൽ പൂർത്തിയാക്കുകയും ചെയ്തു. നമ്മുടെ മൂലകുടുംബമായ തറയിൽ കുടുംബത്തിലെ കാരണവന്മാരുടെ മുഖ്യശ്രമഫലമായി സ്ഥാപിതമായ പാലാ വലിയപള്ളിയുടെ സഹസ്രാബ്ദി ആഘോഷവേളയിൽ ഞാവള്ളിൽ കുടുംബത്തിലെ അസോസിയേറ്റ് മെമ്പറും നിരവധി ജീവകാരുണ്യസ്ഥാപനങ്ങളുടെ ഉപജ്ഞാതാവുമായ റവ. ഫാ. എബ്രാഹം കൈപ്പൻപ്ലാക്കൽ, ഞാവള്ളിൽ തെക്കേൽ റവ. ഡോ. ജോസഫച്ചന് അതിന്റെ ഒരു കോപ്പി നൽകി പ്രകാശനം നിർവ്വഹിച്ചത് ഞാവള്ളി കുടുംബ ചരിത്ര നിർമ്മാണത്തിലെ ഒരു പ്രധാന സംഭവം തന്നെയായിരുന്നു. ഈ ഡയറക്ടറിയാണ് നമ്മുടെ കുടുംബചരിത്രത്തിന്റെ അടിത്തറയെന്ന കാര്യം സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

### കുടുംബയോഗം മുമ്പോട്ട്

1996 ഓഗസ്റ്റ് 29-ാം തീയതി ഉദ്ഘാടനം ചെയ്ത ഞാവള്ളിൽ കുടുംബയോഗം ഇപ്പോൾ പതിമൂന്നു വർഷം പിന്നിട്ടുകഴിഞ്ഞു. ഇതിനകം പത്തു വാർഷികങ്ങൾ സാമാന്യം ഭംഗിയായി നടത്തി. പ്രഥമ വാർഷികം തറയിൽ മഹാകുടുംബത്തിന്റെ ചെയർമാനും മദ്ധ്യപ്രദേശ് ഗവർണ്ണറുമായിരുന്ന പ്രൊഫ. കെ.എം. ചാണ്ടിയാണ് ഉദ്ഘാടനം ചെയ്തത്. മുൻ മന്ത്രിയും എം.എൽ.എയുമായ ശ്രീ. കെ.എം. മാണിയായിരുന്നു മുഖ്യപ്രഭാഷകൻ. വളരെ ആർഭാടപൂർവ്വം നടത്തിയ ഈ വാർഷികത്തിന്റെ മുഴുവൻ ചെലവുകളും നടത്തിയത് കുടുംബയോഗരൂപവത്കരണത്തിനും ചരിത്രനിർമ്മിതിക്കും ആത്മാർത്ഥമായി സഹകരിച്ച ചൂരനാട്ട് (ആണ്ടുക്കുന്നേൽ) ശ്രീ പാപ്പൂട്ടിയായിരുന്നു. പിന്നീടുള്ള ഏഴു വാർഷികങ്ങളും കരൂർ പള്ളി പാരിഷ് ഹാളിൽവച്ചാണ് നടത്തിയത്. ഒൻപതാം വാർഷികമാകട്ടെ നമ്മുടെ തറവാട്ടിൽ വച്ചുതന്നെ (ഞാവള്ളിൽ) നടത്തി. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ പ്രഥമ വൈസ് ചാൻസലർ ശ്രീ. A.T. ദേവസ്യായും പത്നി ശ്രീമതി മറിയക്കുട്ടി ദേവസ്യായും ആയിരുന്നു അന്നത്തെ മുഖ്യ അതിഥികൾ. ശ്രീ അലക്സ് സിറിയക് ചേനക്കാലായിലിന്റെ വസതിയിൽ വച്ച് നടത്തിയ പത്താം വാർഷികവും പ്രത്യേകം സ്മരണീയമാണ്. തമിഴ്നാട് ഗവൺമെന്റിന്റെ മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയും റബർ ബോർഡ് ചെയർമാനും ആയിരുന്ന ശ്രീ. പി.സി. സിറിയക് I.A.S. ആയിരുന്നു മുഖ്യ അതിഥി. തന്റെ മാതൃഭവനമായ ഞാവള്ളിൽ കുടുംബത്തിൽവന്ന് പൂർവ്വകാല സ്മരണകൾ അയവിറക്കി അൽപം ഒരു ഗൃഹാതുരത്വത്തോടെ ശ്രീ സിറിയക് ചെയ്ത ഒരു മണിക്കൂർ നീണ്ട ഉജ്ജ്വല പ്രഭാഷണം ശ്രോതാക്കൾക്ക് നവചൈതന്യവും നവോന്മേഷവും നൽകുന്നതായിരുന്നു.



### ചരിത്രം പൂർത്തിയാകുന്നു

ഇനിയും കുടുംബചരിത്രം പൂർത്തിയാക്കിയിട്ടുമാത്രം വാർഷികം നടത്തിയാൽ മതി എന്ന ഭരണസമിതിയുടെ ഏകകണ്ഠമായ തീരുമാനവും ശാഖാ പ്രതിനിധികളുടെ കഠിനപ്രയത്നവും സർവ്വോപരി നമ്മുടെ രക്ഷാധികാരി Rev. Dr. തോമസ് കാടങ്കാവിൽ C.M.I.യുടെ കാര്യക്ഷമമായ നേതൃത്വവും മൂലമാണ് ഈ ഗ്രന്ഥം ഈ രൂപത്തിൽ ഇപ്പോഴെങ്കിലും പൂർത്തിയാക്കുവാൻ സാധിച്ചത്. ഇതാണ് കുടുംബചരിത്രത്തിന്റെ ചരിത്രം.

### ഞാവള്ളിൽ കുടുംബത്തിന്റെ ആദ്ധ്യാത്മിക പ്രതിബദ്ധത

ധാരാളം വൈദികരും കന്യാസ്ത്രീകളും ആദ്യകാലംമുതൽ നമ്മുടെ കുടുംബത്തിലുണ്ട് എന്ന് ചരിത്രം വായിക്കുമ്പോൾ മനസ്സിലാകുമല്ലൊ. കൂടാതെ അവരുടെ പൂർവ്വികരുടെ അചഞ്ചലമായ വിശ്വാസത്തിന്റെയും ഭക്തിതീക്ഷ്ണതയുടെയും തെളിവുകളാണ് അവരും അവരുടെ പൂർവ്വികരും സ്ഥാപിച്ചിട്ടുള്ള ആരാധനാലയങ്ങൾ. 1002 ജൂലൈ 3-ാം തീയതി സ്ഥാപിതമായ പാലാപ്പള്ളിയുടെയും (ഇപ്പോൾ കത്തീഡ്രൽ) 1661 സെപ്റ്റംബർ 8-ാം തീയതി കൂദാശ ചെയ്ത് ഉദ്ഘാടനം ചെയ്ത ളാലം സെന്റ് മേരീസ് പള്ളിയുടെയും (ളാലം പഴയപള്ളി) സ്ഥാപനത്തിനും പ്രവർത്തനങ്ങൾക്കും ഞാവള്ളിക്കാരുടെ പൂർവ്വികർക്ക് ഗണ്യമായ ഭാഗഭാഗിത്വം ഉണ്ടായിരുന്നുവെന്ന് ചരിത്രപഠിതാക്കൾക്ക് അറിയാം.

1898-ൽ കരൂർ തിരുഹൃദയദൈവാലയം സ്ഥാപിക്കുന്നതുവരെ ഞാവള്ളിക്കാർ ളാലം പഴയപള്ളി ഇടവകക്കാരായിരുന്നു. വിലങ്ങുപാറ ശാഖയിൽപ്പെട്ട വർക്കി-മറിയം മകൾ കുഞ്ഞുമറിയത്തെ മഞ്ഞക്കുന്നേൽ കുര്യൻ-ഏലി മകൻ ഔസേപ്പുമായി (കൊച്ചാപ്പി) ഒത്തുകല്യാണം നടത്തുകയും കല്യാണദിവസം ളാലം പള്ളിവികാരി എന്തോ സാങ്കേതികതടസ്സം ഉന്നയിച്ച് കല്യാണം നടത്താൻ വിസമ്മതിക്കുകയും ചെയ്തു. ഞാവള്ളിക്കുടുംബത്തിലെ അന്നത്തെ കാരണവന്മാർ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് അപ്പോൾത്തന്നെ ചങ്ങനാശ്ശേരി മെത്രാനച്ചനെ കാണുവാനായി പോകുകയും കല്യാണം അന്നുതന്നെ പാലാ വലിയപള്ളിയിൽവച്ച് നടത്തുന്നതിനും പുറമെ പോണാട്ട്കരയിൽ ഒരു പള്ളി പണിയുന്നതിനുമുള്ള കൽപ്പനയുമായി മടങ്ങിയെത്തുകയും ചെയ്തു. നിശ്ചിതദിവസം തന്നെ കല്യാണം നടത്തുകയും പള്ളിപണിക്കുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു. 1898-ൽ കരൂർ കുടുംബക്കാരുടെ വക സ്ഥലത്താണ് പള്ളി സ്ഥാപിച്ചത്. വിശ്വാസപാരമ്പര്യവും ഭക്തിതീക്ഷ്ണതയുമുള്ള കരൂർ കുടുംബക്കാർ പള്ളിപണിക്കാവശ്യമുള്ള സ്ഥലംമുഴുവൻ നൽകുകയും അതിനു പകരമായി സ്ഥലം വേണ്ടവർക്ക് സ്ഥലവും പണം ആവശ്യപ്പെട്ടവർക്ക് പണവും ഞാവള്ളിക്കുടുംബക്കാർ കൊടുക്കുകയും ചെയ്തു. ഇങ്ങനെ

കരൂർപറമ്പിൽ പള്ളി സ്ഥാപിച്ചതുകൊണ്ട് കരൂർപള്ളി എന്ന പേര് ഈ ദൈവാലയത്തിന് കിട്ടി. ഇത് പിൽക്കാലത്ത് സ്ഥലനാമവും ആയിത്തീർന്നു.

അതിനെത്തുടർന്ന്, അന്ന് പള്ളിയിൽവരാൻ നല്ല വഴിയും റോഡും ഇല്ലാതിരുന്നതുകൊണ്ട് ബഹു. തോമസ് മണ്ണഞ്ചേരിയച്ചൻ വികാരിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുണ്ടുപാലം-അന്ത്യാളം റോഡ് പണിയുകയും അതിന്റെ പ്രധാന ഭാഗഭാഗിത്വം ഞാവള്ളിക്കാർ വഹിക്കുകയും ചെയ്തു. പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത റോഡ് ഈ നാടിന്റെ നാനാവിധത്തിലുള്ള ഉന്നമനത്തിന് അടിസ്ഥാന ഘടകമായി നിലകൊള്ളുന്നു.

**എരുമപ്പെട്ടിപ്പള്ളി**

ചൂരനാട്ട് ഉതുപ്പ്-മറിയം മകൻ കറിയാച്ചൻ എരുമപ്പെട്ടിയിൽ പോയി മലയകം എന്ന റബ്ബർത്തോട്ടം സ്ഥാപിക്കുകയും അവിടെ താമസിക്കുകയും ചെയ്തിരുന്നു. 1984-ൽ കറിയാച്ചൻ ദാനമായി നൽകിയ സ്ഥലത്ത് മേരി മാതാ കോൺഗ്രിഗേഷൻ മഠം സ്ഥാപിച്ചു. ഭാര്യാവിരഹത്തോടെ സന്യസ്ത ജീവിതം നയിച്ചിരുന്ന കറിയാച്ചൻ മഠത്തിനോട് അനുബന്ധമായി ഒരു മുറിയിൽ താമസമാക്കി. 1986-ൽ അദ്ദേഹം പാലക്കാട് രൂപതയ്ക്ക് താൻ താമസിച്ചിരുന്ന മഠത്തിനടുത്ത് ഒരു പള്ളി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം നൽകുകയും ഇടവകപ്പള്ളി സ്ഥാപിക്കുകയും ചെയ്തു. മഠംകാരുടെ സംരക്ഷണയിലും ശുശ്രൂഷയിലും വാർദ്ധക്യകാലം കഴിച്ചുകൂട്ടിയ കറിയാച്ചൻ മരിച്ചപ്പോൾ താൻ ദാനംചെയ്ത സ്ഥലത്ത് സ്ഥാപിച്ച ഈ പള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു. ഈ രണ്ട് സ്ഥാപനങ്ങളും കറിയാച്ചന്റെ ഓർമ്മയെ നിലനിർത്താൻ സഹായിക്കും.

**കൈലാസപ്പാറ ദൈവാലയം**

കപ്പാട് താമസിച്ചിരുന്ന ഞാവള്ളിൽ കറിയാച്ചൻ മകൻ N.S.ജോസ് ഒരു മാതൃകാ പ്ലാന്ററും വ്യവസായിയും ആയിരുന്നു. മാത്രമല്ല, ഭക്തനായിരുന്ന അദ്ദേഹം കൈലാസപ്പാറ വേളാങ്കണ്ണിമാതാ പള്ളിയിൽനിന്ന് ഏതാണ്ട് ഒരു മൈൽ അകലെ ഒരു നൊവേന ദൈവാലയം സ്ഥാപിക്കുകയും ധാരാളം ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ഇന്നും നൊവേന നടത്തുകയും ചെയ്യുന്നു. അദ്ദേഹം നിര്യാതനായപ്പോൾ ഇടവകപ്പള്ളിയിലേക്കുള്ള വിലാപയാത്ര ഈ പള്ളിയിൽനിന്നായിരുന്നു.

ഞാവള്ളിൽ കുടുംബത്തിലെ ഇളംതലമുറക്കാരും വരും തലമുറക്കാരും അറിയുന്നതിനും അങ്ങനെ അവർക്ക് ഉദാത്തമായ ചിന്തകളും ആദ്ധ്യാത്മികഉത്തേജനവും ലഭിക്കുന്നതിനും സഹായിക്കും എന്ന പ്രതീക്ഷയിലാണ് ഈ വസ്തുതകൾ ഇവിടെ രേഖപ്പെടുത്തുന്നത്.



**കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ**

തന്റെ ആഗോളവ്യാപകമായ ഭരണകാര്യവ്യഗ്രതയ്ക്കിടയിലും ഈ സമാരംഭത്തിന് പൈതൃകമായ അനുഗ്രഹാശ്ശിസുകൾ അയച്ചുതന്ന പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പായ്ക്ക് ഞാവള്ളിൽ കുടുംബാംഗങ്ങളുടെ ഭക്തിബഹുമാനാദരങ്ങളോടുകൂടിയ നിസ്സീമമായ നന്ദി ഇവിടെ പ്രകടിപ്പിച്ചുകൊള്ളട്ടെ.

ആശിസ്സുകൾ നൽകി അനുഗ്രഹിച്ച ശ്രേഷ്ഠ മെത്രാപ്പോലീത്താ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് എന്നീ തിരുമേനിമാർക്കും ഞങ്ങളുടെ ഹൃദയംഗമമായ കൃതജ്ഞത.

ചരിത്രം സാമാന്യമായി എഡിറ്റു ചെയ്യുകയും നല്ല ഒരു അവതാരിക എഴുതിത്തരുകയും ചെയ്ത കുടുംബയോഗം രക്ഷാധികാരി റവ. ഡോ. തോമസ് കാടങ്കാവിലിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി.

ആശംസകളയച്ചുതന്ന നമ്മുടെ ജനപ്രതിനിധികളായ ബഹു. മന്ത്രി ശ്രീ. പി.ജെ. ജോസഫ്, ശ്രീ. കെ.എം. മാണി എം.എൽ.എ. എന്നിവർക്കും ശ്രീ പി.സി. സിറിയക് ഐ.എ.എസിനും നന്ദിയുടെ നറുമലരുകൾ.

ഒൻപതു ശാഖകളും നാൽപ്പതോളം ഉപശാഖകളും ആയിരത്തിനാനൂറിൽപ്പരം കുടുംബയൂണിറ്റുകളുമായി ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന കുടുംബാംഗങ്ങളെയെല്ലാം ബന്ധപ്പെടുത്തി തയ്യാറാക്കിയ ഈ ചരിത്രഗ്രന്ഥം തികച്ചും ശാസ്ത്രീയമാണെന്നോ വിടുതലകളും പോരായ്മകളും ഇല്ലാത്തതാണെന്നോ ഞങ്ങൾ അവകാശപ്പെടുന്നില്ല. ഈ സദുദ്യമത്തിൽ വന്നുപോയിട്ടുള്ള ന്യൂനതകൾ പ്രിയപ്പെട്ട കുടുംബാംഗങ്ങൾ ക്ഷമിക്കണമെന്നും അവ ചൂണ്ടിക്കാണിച്ചുതന്ന് അടുത്ത പതിപ്പിലെങ്കിലും അവ പരിഹരിക്കുന്നതിന് സഹായിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

ഈ ഗ്രന്ഥം ആകർഷകമായി പ്രിന്റു ചെയ്തുതന്ന സെന്റ് തോമസ് പ്രസ് അധികൃതർക്ക് ഞങ്ങളുടെ നന്ദി.

**ഉപസംഹാരം**

നമ്മുടെ കാരണവന്മാരുടെ ഉന്നത ചിന്താഗതിയും കഠിനമായ അദ്ധ്വാനശീലവും ലളിതമായ ജീവിതശൈലിയും പ്രാർത്ഥനാനിഷ്ഠമായ ആചാരമര്യാദകളും എല്ലാം നല്ലവണ്ണം ധരിക്കുന്നതിനും കുടുംബബന്ധങ്ങളുടെ പാവനത എന്താണെന്ന് ശരിക്കും മനസ്സിലാക്കി ഉൾക്കൊള്ളുന്നതിനും ഈ ഗ്രന്ഥം നമ്മുടെ ഇളം തലമുറയ്ക്കും വരും തലമുറകൾക്കും മാർഗ്ഗദീപം ആകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ ആമുഖം ഉപസംഹരിക്കുന്നു.

കരൂർ — **കെ.കെ. സിറിയക് കാടൻകാവിൽ**
സെപ്റ്റംബർ 2009 — **പ്രസിഡന്റ്, ഞാവള്ളിൽ കുടുംബയോഗം**




**ഇപ്പോഴത്തെ ഭരണസമിതി**

| | | |
|---|---|---|
| രക്ഷാധികാരി | : | റവ. ഡോ. തോമസ് കാടൻകാവിൽ CMI |
| പ്രസിഡന്റ് | : | കെ.കെ. സിറിയക് കാടൻകാവിൽ |
| വൈസ് പ്രസിഡന്റ് | : | ലാലി സിറിയക് ചേനക്കാലായിൽ |
| സെക്രട്ടറി | : | കെ.സി. അലക്സ് കൂന്താനം |
| ജോ. സെക്രട്ടറി | : | അഡ്വ. സെബി വിലങ്ങുപാറ |
| ട്രഷറർ | : | ജോസ് സിറിയക്, തെക്കേൽ |

**കമ്മറ്റിയംഗങ്ങൾ:**

1) ജോസി പഴയിടം
2) എമ്മാനുവേൽ പുത്തൻപുരയിൽ
3) എം.എം. ജോസഫ് മംഗലത്തിൽ
4) എം.ഡി. കുര്യൻ മഞ്ഞക്കുന്നേൽ
5) കെ.ജെ. ടോമി കാടൻകാവിൽ
6) ബേബി ജോർജ് കൂന്താനം
7) പി.വി. സെബാസ്റ്റ്യൻ പനമറ്റംപറമ്പിൽ
8) പി.ജെ. ജോസഫ് പുത്തൻപുരയ്ക്കൽ
9) എൻ.ജെ. സക്കറിയാസ് ഞാവള്ളിൽ
10) അഗസ്റ്റിൻ ജോസഫ് ആണ്ടൂക്കുന്നേൽ

*വനിതകൾ:-*

1) മേരിക്കുട്ടി സക്കറിയാസ് ഞാവള്ളിൽ
2) ലിനു കുര്യൻ മഞ്ഞക്കുന്നേൽ



# Emblem explained

The emblem is the symbolic representation of 9 branches of Njavallil family. C.K.N. means Cherian Kurian Njavallil - our first father and founder of Njavallil Family. He had four sons. Thomman Pazhayidom, Kurian Puthenpurayil, Rev. Uthuppu Malppan and Chandy Njavallil. This is given in four divisions around C.K.N.

The three married sons had nine sons and there by nine branches.

1. Kurian Pazhayidom
2. Uthuppu Theruvankunnel
3. Kurian Manjakunnel
4. Ittira Puthenpurayil
5. Kurian Thekkel
6. Chacko Panamattathil
7. Chandy Vilangupara
8. Thommy Puthenpurackal
9. Uthuppu Njavallil

Page

## ഉള്ളടക്കം


രണ്ടാം ഭാഗം : പൂർവ്വചരിത്രം ........ 39

മൂന്നാം ഭാഗം : ചരിത്രപശ്ചാത്തലം ........ 49


*ഞാവള്ളിൽ കുടുംബത്തിന്റെ മൂന്നാം തലമുറയിലെ ഒൻപതു ശാഖകളുടെ പരസ്പര ബന്ധം മനസ്സിലാക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന ടേബിൾ നോക്കുക.*

*പേജ് 14 ഡയറക്ടറി കാണുക.*

**ഒന്നാം തലമുറ:-**

സ്ഥാപകൻ : ചെറിയാൻ കുര്യൻ ഞാവള്ളിൽ.

ഭാര്യ : മറിയം കട്ടക്കയം

**രണ്ടാം തലമുറ:-**

A) തൊമ്മൻ പഴയിടം

B) കുര്യൻ പുത്തൻപുരയിൽ

C) ബഹു. ഉതുപ്പ് മൽപ്പാനച്ചൻ

D) ചാണ്ടി ഞാവള്ളിൽ

**മൂന്നാം തലമുറ:-**

A) പഴയിടത്ത് കുര്യൻ (ഒരു മകൻ മാത്രം)

B) പുത്തൻപുരയിൽ കുര്യൻ തരകൻ :- മൂന്നു മക്കൾ.

1) തെരുവൻകുന്നേൽ ഉതുപ്പ്

2) മഞ്ഞക്കുന്നേൽ കുര്യൻ

3) പുത്തൻപുരയിൽ ഇട്ടിരാ.

D) ചാണ്ടി ഞാവള്ളിൽ:- 5 മക്കൾ.

1) തെക്കേൽ കുര്യൻ

2) പനമറ്റത്തിൽ ചാക്കോ

3) വിലങ്ങുപാറ ചാണ്ടി

4) പുത്തൻപുരയ്ക്കൽ തൊമ്മി

5) ഞാവള്ളിൽ ഉതുപ്പ്

ഇങ്ങനെ ഞാവള്ളിൽ കുടുംബം ഒൻപതു പ്രധാന ശാഖകളായി.



Page


**I പഴയിടത്ത് ശാഖ ........ 51**

A ഔസേപ്പ് മലയിൽ

B കുര്യൻ പഴയിടം

**II പുത്തൻപുരയിൽ ശാഖ ........ 76**

A വട്ടപ്പാറയ്ക്കൽ ഇട്ടിരാ

B പുത്തൻപുരയിൽ മാണി

**III തെരുവൻകുന്നേൽ ശാഖ ........ 98**

A ഔത തെരുവൻകുന്നേൽ

B ഉതുപ്പ് മംഗലത്തിൽ

**IV മഞ്ഞക്കുന്നേൽ ശാഖ ........ 181**

A ചെറിയാൻ

B പൈലോ ചാഞ്ഞപ്ലാക്കൽ

C ഔസേപ്പ് മഞ്ഞക്കുന്നേൽ

**V തെക്കേൽ ശാഖ ........ 193**

A കുര്യൻ പുതിയിടത്തുപ്രാവിൽ

B ഔസേപ്പ് തെക്കേൽ

**VI പനമറ്റം ശാഖ ........ 206**

A പനമറ്റത്തിൽ ഫ്രെഞ്ചു

*1) തീക്കുഴിവേലിൽ ചാക്കോ*

*2) കൂന്താനം അവിരാ*

*3) വർക്കി (കാക്കി) പനമറ്റം*

B ചാണ്ടി കോട്ടവാതുക്കൽ

C വലിയ കൂന്താനത്ത് വർക്കി

*1) ചാക്കോ പാറപ്പുറം*

*2) ഫ്രെഞ്ചു വലിയകൂന്താനം മച്ചുകാട്ടിൽ, എലിവാലി*

*3) ചാണ്ടി വലിയകൂന്താനം, പയപ്പാർ*

*4) ഔസേപ്പ് വലിയകൂന്താനം, കരൂർ*

D കുഞ്ഞാക്കോച്ചൻ കാടൻകാവിൽ

*1) കാക്കു പുതുപ്പള്ളിയേൽ*

*2) ചാണ്ടി അരങ്ങുമല*

*3) കുര്യൻ കാടൻകാവിൽ*

**VII വിലങ്ങുപാറ ശാഖ ........ 325**

A അന്ന വിലങ്ങുപാറ

*1) ഫ്രെഞ്ചു വിലങ്ങുപാറ*

*2) ചെറിയാൻ വിലങ്ങുപാറ*

Page

B മറിയം ഞെഴുകുംകാട്ടിൽ
*1) മത്തായി ഞെഴുകുംകാട്ടിൽ*
*2) ചാണ്ടി പൊന്നെടത്താംകുഴിയിൽ*

**VIII പുത്തൻപുരയ്ക്കൽ ശാഖ ............................................ 383**
*1) തൊമ്മൻ കണ്ണൻകുളം*
*2) ജോസഫ് കൂന്താനം*
*3) ചാണ്ടി പുത്തൻപുരയ്ക്കൽ*
*4) ഫ്രഞ്ചു കയത്തിൻകര*
*5) ദേവസ്യാ തൂണുങ്കൽ*

**IX ഞാവള്ളിൽ തറവാട് ശാഖ ............................................ 470**
A ചാണ്ടി ഞാവള്ളിൽ
B ചൂരനാട്ട് ഔസേപ്പ്
C ആണ്ടൂക്കുന്നേൽ ചെറിയാൻ
*1) ഉതുപ്പ് ആണ്ടുക്കുന്നേൽ*
*2) ചൂരനാട്ട് ചാണ്ടി*
*3) തോട്ടപ്ലാക്കൽ കുര്യൻ*
D) ചേനക്കാലായിൽ കുര്യൻ
*1) ഉതുപ്പ് ചേനക്കാലായിൽ*
*2) സ്കറിയാ കപ്പാട് ചേനക്കാലായിൽ*

***Special Pages 12 Nos.***

I Rev. Fr. കൊളംബിയർ CMI — *By K.K. Abraham* .. 585
II Rev. Fr. Kuriakose S.J. — *By K.K. Abraham* .. 586
III Rev. Fr. Joseph Thekkel — *By Jose Cyriac Thekkel* .. 587
IV ഷെവലിയാർ K.C. Chacko — *By Francis Chacko Kadankavil* .. 588
V കാടൻകാവിൽ പുതുപ്പള്ളിയേൽ കുടുംബം — *By Rev. Fr. Thomas Kadenkavil* .. 589
VI 'ബത്‌ലെഹം' ഒരു സിംഹാവലോകനം — *By George Kadankavil* .. 590
VII ഞങ്ങളുടെ മാതാപിതാക്കൾ. — *By Adv. Seby Cherian, Vilangupara* .. 591
VIII Adv. ഡേവിസ് ജോസഫ്, വിലങ്ങുപാറ — *By Lilly Davis* .. 592
IX ശ്രീ. ചെറിയാച്ചൻ ആണ്ടൂക്കുന്നേൽ — *By Augustine Joseph* .. 593
X ഷെവലിയാർ K.C. Chandy — *By K.C. Mathew Kottavathukal* .. 594
XI എന്റെ കൊച്ചുപെങ്ങളും അളിയനും — *By K.K. Cyriac* .. 595



# പ്രഥമ കുടുംബയോഗ റിപ്പോർട്ട്

ഞാവള്ളിൽ കുടുംബയോഗം വ്യവസ്ഥാപിതമായി രൂപപ്പെടുത്തുന്നതിന്, ഞാവള്ളിൽ കുടുംബത്തിൽപ്പെട്ട എല്ലാ കുടുംബനാഥന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും ഒരു പൊതുസമ്മേളനം 1996 ആഗസ്റ്റ് 29-ാം തീയതി കരൂർ പാരീഷ് ഹാളിൽവച്ച് നടത്തി. ഈ സമ്മേളനത്തിന്റെ പ്രാരംഭമായി, അന്ന് ഉച്ചകഴിഞ്ഞ് 2 മണിക്ക്, കുടുംബാംഗങ്ങളായ റവ. ഫാ. ജോസഫ് മംഗലത്തിൽ C.M.I., റവ. ഡോ. മാത്യു ഞെഴുകുംകാട്ടിൽ, റവ. ഫാ. തോമസ് ചൂരനാട്ട് ഇവരുടെ കാർമ്മികത്വത്തിൽ കരൂർ പള്ളിയിൽ സമൂഹബലി അർപ്പിക്കുകയും എല്ലാവരും ചേർന്ന് സിമിത്തേരിയിൽ പോയി കുടുംബത്തിലെ പൂർവ്വികർക്കുവേണ്ടി ഒപ്പീസ് നടത്തുകയും ചെയ്തു.


റവ. ഡോ. ജോർജ് കൂന്താനം കുടുംബയോഗം സ്ഥാപിച്ചുകൊണ്ട് പ്രസംഗിക്കുന്നു

തുടർന്ന് പാരിഷ്ഹാളിൽ, കൃത്യം 3 മണിക്ക് റവ. ഫാ. തോമസ് നേതൃത്വം നൽകിയ പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. അഡ്ഹോക്ക് കമ്മിറ്റി പ്രസിഡന്റ് ശ്രീ. കെ. കെ. സിറിയക് കാടൻകാവിൽ സന്നിഹിതരായ എല്ലാവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. വി. തോമ്മാശ്ലീഹായിൽ നിന്നു നേരിട്ടു സത്യവിശ്വാസം സ്വീകരിച്ച പറവൂർ പാറയ്ക്കൽ മനയിൽ പരമേശ്വരൻ നമ്പൂതിരിപ്പാട് മുതലുള്ള നമ്മുടെ കുടുംബത്തിന്റെ ചരിത്രം, കുടുംബയോഗത്തിന്റെ ആവശ്യകത എന്നിവ അദ്ദേഹം വിശദീകരിച്ചു.

റവ. ഡോ. ജോർജ് കൂന്താനം സമ്മേളനം ഉദ്ഘാടനം ചെയ്തു. കുടുംബയോഗം സ്ഥാപിച്ചുകൊണ്ട് നമ്മുടെ പൂർവ്വികരുടെ ലളിതജീവിതം, ഉയർന്ന ചിന്താഗതി, കഠിനാദ്ധ്വാനം മുതലായവ ഇന്നത്തെ തലമുറ ശരിക്കും മനസ്സിലാക്കാനും പൂർണ്ണമായി ഉൾക്കൊള്ളാനും ശ്രമിക്കണമെന്ന് അദ്ദേഹം പറഞ്ഞു. കുടുംബത്തിന്റെ അന്തസ്സും

പ്രശസ്തിയും നിലനിർത്തുന്നതിൽ അന്യകുടുംബങ്ങളിൽനിന്ന് വിവാഹിതരായി വന്നിട്ടുള്ള നമ്മുടെ അമ്മമാരുടെ നിസ്തുലസേവനം കൃതജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ട ഒരു വേദി കൂടിയാണ് കുടുംബയോഗമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി.



റവ. ഫാ. ജോസഫ് മംഗലം
അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.

കുടുംബയോഗം ആരംഭിക്കാൻ കഴിഞ്ഞതിൽ സന്തോഷം പ്രകടിപ്പിച്ച റവ. ഫാ. ജോസഫ് മംഗലത്തിൽ സി.എം.ഐ. ആരംഭത്തിൽ കാണുന്ന ഈ ഉത്സാഹവും താല്പര്യവും മങ്ങാതെ കുടുംബയോഗം ഉത്തരോത്തരം വികസിപ്പിച്ച് നമ്മുടെ മഹാകുടുംബത്തിന്റെ കൂട്ടായ്മയെയും സ്നേഹത്തെയും വർദ്ധിപ്പിക്കണമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ ഉദ്ബോധിപ്പിക്കുകയുണ്ടായി.



ശ്രീ. അഗസ്റ്റിൻ ജോസഫ് ഒന്നാം
വാർഷികറിപ്പോർട്ട് സമർപ്പിക്കുന്നു.



കെ.കെ. സിറിയക്
നിയമാവലി സമർപ്പിക്കുന്നു.

കുടുംബത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ട് വികാരി റവ. ഫാ. തോമസ് മേൽവട്ടം, റവ. ഡോ. മാത്യു ഞെഴുകുംകാട്ടിൽ എന്നിവർ പ്രസംഗിച്ചു.

ശ്രീ. K.K. സിറിയക് കാടൻകാവിൽ ഞാവള്ളിൽ കുടുംബനിയമാവലി വായിച്ച് സമ്മേളനത്തിൽ സമർപ്പിക്കുകയും നിബന്ധന



കൾക്ക് യാതൊരു വ്യത്യാസവും വരുത്താതെ നിയമാവലി പൊതുയോഗം ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. ആ നിയമാവലി അനുസരിച്ച് രക്ഷാധികാരി, 15 അംഗ ഭരണസമിതി, രണ്ടംഗ ഓഡിറ്റർമാർ എന്നിവരെ യോഗം ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. അവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

**രക്ഷാധികാരി** : റവ. ഫാ. തോമസ് ചൂരനാട്ട്

**ഓഡിറ്റർമാർ** : 1) ശ്രീ റ്റോമി സിറിയക് തെക്കേൽ
2) ശ്രീ ഫ്രാൻസിസ് ജോസഫ് തൂണുങ്കൽ

**ഭരണസമിതി**

1) ശ്രീ റ്റി.ഡി. ജോസഫ് തൂണുങ്കൽ
2) ശ്രീ മാണി മാണി പുത്തൻപുരയിൽ
3) ശ്രീ കെ.കെ. സിറിയക് കാടൻകാവിൽ
4) ശ്രീ എം.ഒ. ദേവസ്യാ മഞ്ഞക്കുന്നേൽ
5) ശ്രീ കെ.ജെ. ജോസഫ് കൂന്താനം
6) ശ്രീ പി.ജെ. ജോസഫ് പൊന്നെടത്താംകുഴിയിൽ
7) ശ്രീ ചെറിയാൻ കുഞ്ഞ് വിലങ്ങുപാറ
8) ശ്രീ എം.എം. ജോസഫ് മംഗലത്തിൽ
9) ശ്രീ ജോസ് സിറിയക് തെക്കേൽ
10) ശ്രീ കെ.ജെ. റ്റോമി കാടൻകാവിൽ
11) ശ്രീ ഫ്രാൻസിസ് അലക്സാണ്ടർ കയത്തുംകര
12) ശ്രീ എൻ.കെ. സഖറിയാസ് ഞാവള്ളിൽ
13) ശ്രീ അഗസ്റ്റിൻ ജോസഫ് ആണ്ടുക്കുന്നേൽ
14) ശ്രീ ജോസി ചെറിയാൻ പഴയിടം
15) ശ്രീ ലാലി സിറിയക് ചേനക്കാലായിൽ

സമ്മേളനത്തിൽ നടത്തിയ വിഭവസമൃദ്ധമായ ചായസൽക്കാരത്തിൽ എല്ലാവരും പങ്കുകൊള്ളുകയും 'സ്വയം പരിചയപ്പെടുത്തൽ' പരിപാടിയിൽ എല്ലാവരും സഹകരിക്കുകയും ചെയ്തു.

റവ. ഫാ. ജേക്കബ് ചൂരനാട്ട്, റവ. ഫാ. ഷാജി കൂന്താനം (നെടിയകാട്) തുടങ്ങി കുടുംബാംഗങ്ങളായ ഏഴ് ബഹു. വൈദികരും പതിനഞ്ചോളം കന്യാസ്ത്രീകളും കേരളത്തിന്റെ വിവിധ

ഭാഗത്തുനിന്നും 170-ൽ കൂടുതൽ കുടംബനാഥന്മാരും ഈ പ്രഥമ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. ശ്രീ എൻ.കെ. സഖറിയാസ് ഞാവള്ളി നടത്തിയ ഹൃദ്യമായ കൃതജ്ഞതാ പ്രകടനത്തോടെ 6 മണിയോടുകൂടി സമ്മേളനം സമംഗളം പര്യവസാനിച്ചു.

ഉടനെതന്നെ രക്ഷാധികാരി റവ. ഫാ. തോമസ് ചൂരനാട്ടിന്റെ അദ്ധ്യക്ഷതയിൽ ഭരണസമിതി സമ്മേളിച്ച് താഴെ പറയുന്നവരെ ഒരു കൊല്ലത്തേക്ക് ഔദ്യോഗിക ഭാരവാഹികളായി തെരഞ്ഞെടുത്തു.

1) ശ്രീ കെ.കെ. സിറിയക് - പ്രസിഡന്റ്
2) ശ്രീ ഫ്രാൻസിസ് അലക്സാണ്ടർ - വൈസ് പ്രസിഡന്റ്
3) ശ്രീ അഗസ്റ്റിൻ ജോസഫ് - സെക്രട്ടറി
4) ശ്രീ മാണി മാണി - ജോ. സെക്രട്ടറി
5) ശ്രീ പി.ജെ. ജോസഫ് - ട്രഷറർ

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ.കെ. സിറിയക് എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കുകയും എല്ലാവരുടെയും നിർലോഭ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

മഹത്തായ ഒരു സംരംഭത്തിന്റെ ആരംഭം കുറിക്കാൻ സാധിച്ചുവെന്ന കൃതാർത്ഥതയോടെ 7 മണിയോടെ എല്ലാവരും പിരിഞ്ഞു.

**സെക്രട്ടറി** **പ്രസിഡന്റ്**

# ഞാവള്ളിൽ കുടുംബം - പൂർവ്വചരിത്രം

ഒന്നാം നൂറ്റാണ്ടിൽ തോമാശ്ലീഹായിൽനിന്ന് നേരിട്ടു സത്യ വിശ്വാസം സ്വീകരിച്ച തറയിൽ കുടുംബത്തിന്റെ നാൽപതോളം പ്രധാന ശാഖകളിൽ ഒന്നാണ് ഞാവള്ളിൽ കുടുംബം. ഇതിന്റെ പൂർവ്വചരിത്രം, അതായത് തറയിൽ കുടുംബത്തിന്റെ ചരിത്രം പതിനഞ്ചോളം ഗ്രന്ഥകാരന്മാർ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ആധികാരികതയിൽ സംശയമുണ്ട് എന്ന് ആ ഗ്രന്ഥകാരന്മാർ തന്നെ പറയുന്നുണ്ട്. ലിഖിതരേഖകൾ ഒന്നുംതന്നെ പൂർണ്ണമായി കിട്ടിയിട്ടില്ല. താളിയോലകളിലും ചെമ്പുതകിടുകളിലും പൂർവ്വചരിത്രം എഴുതിവച്ചിരുന്നു. 1002-ാമാണ്ട്, പാലാപ്പള്ളിയുടെ സ്ഥാപനം മുതൽ 750 വർഷം പള്ളിഭരണം നടത്തിയിരുന്ന നാല് സ്ഥാപകകുടുംബക്കാർ, ടി രേഖകൾ എല്ലാംതന്നെ സൂക്ഷിച്ചിരുന്നുവെങ്കിലും, 1750-തോടുകൂടി പിന്നീടുവന്ന 12 കുടുംബക്കാരെക്കൂടി ഉൾപ്പെടുത്തി 16 പേരുടെ പള്ളിയോഗം പള്ളിഭരണം ആരംഭിച്ചതിനുശേഷം ഏതോ കുബുദ്ധികൾ പാലാപ്പള്ളിയുടെ മുറ്റത്തുള്ള ഒരു കിണറ്റിൽ അവ എറിഞ്ഞ് നശിപ്പിച്ചുവെന്നും അധികം താമസിയാതെ കിണർ മൂടിയെന്നും പിന്നീടുള്ള ചരിത്രഗവേഷകർക്ക് കിണറിന്റെ സ്ഥാനംപോലും കണ്ടുപിടിക്കാൻ സാധിച്ചില്ലാ എന്നും പറയപ്പെടുന്നു. വിശ്വാസപാരമ്പര്യങ്ങളുടെയും അലിഖിത പുരാവൃത്തങ്ങളുടെയും അചഞ്ചല ദൈവവിശ്വാസികളായിരുന്ന നമ്മുടെ പൂർവ്വികരുടെ വായ്മൊഴിയായി ലഭിച്ച അറിവുകളുടെയും വന്ദ്യവയോധികനും തറയിൽ കുടുംബയോഗ ചെയർമാനുമായ പൊരുന്നോലിൽ പി.ഐ. സ്കറിയ സാർ അടുത്ത കാലത്ത് എഴുതിയ തറയിൽ പൊരുന്നോലിൽ ചരിത്രം, മണിയഞ്ചിറ കുടുംബചരിത്രം വയോ

വൃദ്ധനായ വൈദികശ്രേഷ്ഠൻ റവ. ഫാ. ഫ്രാൻസിസ് എഴുതിയ മൈലാടൂർ കുടുംബചരിത്രം കാപ്പിൽ ചരിത്രം തുടങ്ങി പന്ത്ര ണ്ടിൽപ്പരം ഗ്രന്ഥങ്ങളിൽനിന്നും ലഭിച്ച അറിവുകളുടെയും അടി സ്ഥാനത്തിൽ ഞാവള്ളിൽ കുടുംബത്തിന്റെ പൂർവ്വചരിത്രം ഞാൻ എഴുതാൻ ശ്രമിക്കുകയാണ്.

ക്രിസ്ത്വബ്ദം ഒന്നാം നൂറ്റാണ്ടിൽത്തന്നെ ക്രിസ്തുനാഥന്റെ 12 ശ്ലീഹന്മാരിൽ ഒരുവനായ മാർ തോമാശ്ലീഹാ മലങ്കരയിൽവന്ന് ക്രിസ്തുവേദം പ്രസംഗിക്കുകയും തന്റെ ഉപദേശം കൊണ്ടും അത്ഭുതപ്രവർത്തനങ്ങൾകൊണ്ടും പല സ്ഥലങ്ങളിലും പലരും ക്രിസ്തുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്ത കൂട്ടത്തിൽ വടക്കൻ പറവൂർ ഗ്രാമത്തിൽ 32 ഇല്ലക്കാർ ക്രിസ്തുവിൽ വിശ്വസിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. ഇവർ കോട്ടക്കായൽ ഭഗവതി ക്ഷേത്രം, നാടുവാഴിയുടെ സമ്മതത്തോടെ പള്ളിയാക്കി ആരാധനകൾ നടത്തുകയും ചെയ്തു വന്നു. ഈ കോട്ടക്കായലാണ് ഇപ്പോഴത്തെ പറവൂർ. മേൽപ്പറഞ്ഞ 32 ഇല്ലക്കാരിൽ പാറയ്ക്കൽ, കോട്ടയ്ക്കൽ, കോട്ടൂരാൻ, തെക്കേടം എന്നീ 4 ഇല്ലക്കാർ പ്രധാനമായും അവരിൽ പ്രമുഖൻ പാറയ്ക്കൽ പരമേശ്വരൻ നമ്പൂതിരിപ്പാടും ആയിരുന്നു. പരമേശ്വരൻ നമ്പൂതിരി പ്പാട് പ്രസ്തുത ക്ഷേത്രത്തിലെ തന്ത്രിയായിരുന്നു. ക്രിസ്തുമതം സ്വീകരിച്ച് യോഹന്നാൻ എന്ന പേരു ലഭിച്ച അദ്ദേഹത്തിന് ക്ഷേത്രം പള്ളിയായി ഉപയോഗിക്കാൻ നാടുവാഴി അനുവാദം കൊടുത്തു. അങ്ങനെ പ്രസ്തുത ക്ഷേത്രമാണ് ഇന്നത്തെ വടക്കൻ പറവൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയം. പഴയ അമ്പലത്തിന്റെ ഭിത്തി ഇന്നും ഒരു പുരാവസ്തുവായി ഈ പള്ളിയിൽ കേടുകൂടാതെ സൂക്ഷിച്ചിട്ടുണ്ട്.

പറവൂർ പാറയ്ക്കൽ മനയിൽ പരമേശ്വരൻ നമ്പൂതിരിപ്പാട് മാർ തോമാശ്ലീഹായിൽനിന്ന്, നേരിട്ട് സത്യവിശ്വാസം സ്വീകരിച്ച് യോഹന്നാൻ എന്ന പേരു സ്വീകരിച്ചു എന്ന് മുകളിൽ വിവരിച്ചിട്ടു ണ്ടല്ലോ.

അദ്ദേഹത്തിന്റെ മകൻ ആബേൽ സത്യവിശ്വാസം സ്വീകരിച്ച യഹൂദസ്ത്രീയായ സാറായെ വിവാഹം കഴിച്ചു. അവർക്കുണ്ടായ



സന്താനങ്ങളിൽ തൊമ്മൻ, യോഹന്നാൻ എന്ന രണ്ടു സഹോദര ന്മാർ, അന്നത്തെ നാടുവാഴിയുടെ കടുത്ത വിരോധത്തിന് പാത്രീഭ വിക്കുകയും പ്രാണരക്ഷാർത്ഥം തെക്കോട്ട് ഒളിച്ച് പ്രയാണം ചെയ്യു കയും ഒടുവിൽ വൈക്കത്തിന് പടിഞ്ഞാറുള്ള പള്ളിപ്പുറത്ത് വന്നു ചേരുകയും ചെയ്തു. അവിടെ താമസമുറപ്പിച്ച അവർ പാലയ്ക്കൽ എന്ന കുടുംബപ്പേര് സ്വീകരിച്ചു. അവിടെനിന്നും പത്താം നൂറ്റാണ്ടിന്റെ അവസാനത്തിൽ അനന്തര തലമുറകളിൽപ്പെട്ട തൊമ്മൻ എന്ന ഒരു സാഹസികൻ, തന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ നല്ല ഫലഭൂയിഷ്ഠമായ സ്ഥലം അന്വേഷിച്ച് കിഴക്കോട്ട് പ്രയാണം ചെയ്യു കയും പ്രകൃതിരമണീയവും ഫലഭൂയിഷ്ഠവുമായ മീനച്ചിൽ താലൂ ക്കിലെ പാലായിൽ വന്ന്, താൻകൊണ്ടുവന്ന "ആനവരാഹൻ, തല വരാഹൻ, തങ്കക്കാശ്, പണം" തുടങ്ങിയ നാണയങ്ങളും വിഹിത പ്രകാരം ലഭിച്ച സ്വർണ്ണം, തങ്കം, വെള്ളി ഇവ അടങ്ങിയ വലിയ ഭണ്ഡാഗാരവും വിറ്റ് ധാരാളം സ്ഥലങ്ങൾ വാങ്ങുകയും വിപുല മായ കൃഷിയിലും മലഞ്ചരക്ക് വ്യാപാരത്തിലും ഏർപ്പെട്ട് വലിയ ധനാഢ്യൻ എന്ന പേര് സമ്പാദിക്കുകയും ചെയ്തു. അദ്ദേഹം പാലാ യിൽ പുലിയന്നൂർ ഭാഗത്ത് 'തറയിൽ' എന്ന പുരയിടം വാങ്ങി വീടു പണിയിച്ച് കുടുംബസഹിതം അവിടെ താമസിച്ചു. അങ്ങനെ തറ യിൽ മാപ്പിള എന്ന പേരിൽ അദ്ദേഹം നാട്ടിൽ അറിയപ്പെട്ടു.

**പാലാ പള്ളിയുടെ സ്ഥാപനം**

തികഞ്ഞ ദൈവവിശ്വാസിയും ഭക്തനുമായിരുന്ന തൊമ്മൻ മാപ്പിള, തന്റെ കൃഷിയിലും കച്ചവടത്തിലും വളരെയധികം പുരോ ഗമിക്കുകയും നാട്ടുകാരുടെയും നാടുവാഴിയുടെയും അംഗീകാര ത്തിനും ബഹുമാനത്തിനും പാത്രീഭൂതനാകത്തക്ക വിധത്തിൽ വിശാല മനസ്ഥിതിയോടെ ചുറ്റുപാടുമുള്ള എല്ലാവർക്കും എല്ലാ സഹായങ്ങളും ചെയ്തു ജീവിക്കുകയും ചെയ്തിരുന്നു. തന്റെയും കുടുംബാംഗങ്ങളുടെയും ആത്മീയകാര്യങ്ങൾ നടത്തുന്നതിനായി, അന്ന് ഏറ്റവും അടുത്തുണ്ടായിരുന്ന അരുവിത്തുറ പള്ളിയെയാണ് അദ്ദേഹം ആശ്രയിച്ചിരുന്നത്. കുന്നും കുഴിയും കാടും മേടും വന്യ മൃഗങ്ങളും ഒക്കെയുണ്ടായിരുന്ന വനപ്രദേശങ്ങൾ പോലെ കിടന്നി രുന്ന സ്ഥലത്തുകൂടെയുള്ള വഴിത്താരകളിൽക്കൂടി പതിനഞ്ച് കിലോ മീറ്ററിൽ കുറയാതെ സഞ്ചരിച്ചാണെങ്കിലും മാസത്തിൽ ഒരിക്കൽ

എങ്കിലും ഞായറാഴ്ച വിശുദ്ധ കുർബാന കാണുന്നതിനും ദിവ്യ കാരുണ്യം സ്വീകരിക്കുന്നതിനും തൊമ്മൻ മാപ്പിള മുടക്കം വരു ത്തിയിരുന്നില്ല. അങ്ങനെ സമാധാനത്തോടെയും സന്തോഷത്തോ ടെയും കഴിഞ്ഞിരുന്ന ഇക്കാലത്ത് തന്റെ ഓമനമകൾ, അകാലമൃ ത്യുവിന് ഇരയാകുകയും ദൂരെസ്ഥലമായ അരുവിത്തുറയിൽ നിന്ന് അച്ചന്മാർക്ക് നടന്നുവന്നെത്താൻ സാധിക്കാഞ്ഞതുകൊണ്ട്, തന്റെ സ്വന്തം വീട്ടുവളപ്പിൽ വിജാതീയരെപ്പോലെ മകളുടെ ശവശരീരം സംസ്കരിക്കേണ്ടതായി വരികയും ചെയ്തു. സുമാർ ആയിരം വർഷത്തെ വിശ്വാസപാരമ്പര്യവും അതിതീക്ഷ്ണമായ ദൈവഭക്തി യുമുള്ള തൊമ്മൻ മാപ്പിളയ്ക്ക് ഈ സംഭവം താങ്ങാനാവാത്തതാ യിരുന്നു. ഇനി, ഒരു ദൈവാലയം പാലായിൽ സ്ഥാപിച്ചതിനു ശേഷമേ, മറ്റ് ഏതൊരു കാര്യത്തിലും ഏർപ്പെടുകയുള്ളൂ എന്ന് തീരു മാനമെടുത്ത്, പള്ളി വയ്ക്കുന്നതിനുള്ള അനുവാദത്തിനായി അന്നത്തെ നാടുവാഴിയായിരുന്ന മീനച്ചിൽ കർത്താവിനെ സമീപിച്ചു. തന്റെ സാമ്പത്തിക കാര്യങ്ങളിൽ ഉപദേശങ്ങൾ ആരായുകയും ലോണായിട്ടാണെങ്കിലും സാമ്പത്തികമായി സഹായിക്കുകയും ചെയ്തുകൊണ്ടിരുന്ന തൊമ്മൻ മാപ്പിളയ്ക്ക്, വിലയില്ലാതെ പള്ളി വയ്ക്കുന്നതിനുള്ള സ്ഥലം നൽകാമെന്ന് കർത്താവ് വാഗ്ദാനം ചെയ്തു. എന്നാൽ കർത്താവ് നാട്ടിൽനടപ്പുണ്ടായിരുന്ന ഒരു വ്യവസ്ഥ കർശനമായി പാലിക്കണമെന്ന് നിർബന്ധമായി പറഞ്ഞി രുന്നു: “പള്ളി സ്ഥാപിക്കുന്നതിന്, കുറഞ്ഞത് നാലു വീട്ടുകാരെ ങ്കിലും ഉണ്ടായിരിക്കണം” എന്ന വ്യവസ്ഥയായിരുന്നു അത്.

ഭാഗ്യവശാൽ അന്ന്, മീനച്ചിൽ കർത്താവിന്റെ സൈന്യാധി പൻ, ഒരു കത്തോലിക്കനായ വയലക്കൊമ്പിൽ ഇട്ടിയേപ്പ് മാപ്പിള യായിരുന്നു. പള്ളി വയ്ക്കുന്നതിൽ തത്പരനായ അദ്ദേഹം കൂടി സഹകരിച്ച്, അന്ന് മേവിട താമസിച്ചിരുന്ന മറ്റൊരു കത്തോലിക്ക നായ എറകോന്നി മാപ്പിളയെയും കൂടി സഹകരിപ്പിച്ചപ്പോഴും മൂന്ന് കുടുംബക്കാർ മാത്രമേ ആയുള്ളു. പള്ളി വയ്ക്കുന്നതിൽ ഗണ്യ മായ സഹകരണം കിട്ടാൻ മറ്റാരെയും ഉടനെ കണ്ടെത്താൻ സാധി ക്കാത്തതിനാൽ, തറയിൽ തൊമ്മൻ മാപ്പിള കടുത്തുരുത്തിയിൽ താമസിച്ചിരുന്ന തന്റെ സഹോദരനോ, സഹോദരപുത്രനോ ആയ ഉലഹന്നാൻ മാപ്പിളയെക്കൂടി കൊണ്ടുവരികയും തന്റെ പറമ്പിൽ പണിതിരുന്ന തേങ്ങാക്കൂടിന്റെയും കന്നുകാലിക്കൂടിന്റെയും സമീ



പത്ത് ഒരു വീട് പണിയിച്ച് അവിടെ താമസിപ്പിക്കുകയും അങ്ങനെ ആ സഹോദരൻ കൂട്ടുങ്കൽ ഉലഹന്നാൻ മാപ്പിള എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഈ നാലു വീട്ടുകാരുടെ ലിസ്റ്റ് രാജ സന്നിധിയിൽ എത്തിച്ച്, പള്ളി പണിയുന്നതിനുള്ള അനുവാദത്തിന് അപേക്ഷ വീണ്ടും സമർപ്പിച്ചു. അധികം താമസിയാതെ നാടുവാഴി പള്ളിപണിക്ക് അനുമതി നൽകിയതായി പ്രഖ്യാപിച്ചു. വിവരം “കേട്ട പാതി കേൾക്കാത്ത പാതി” അറിഞ്ഞ ഉടനെ സ്വാർത്ഥതത്പരനാ യിരുന്ന വയലക്കൊമ്പിൽ ഇട്ടിയേപ്പ് മാപ്പിള തന്റെ താമസസ്ഥല ത്തിനടുത്തുള്ള പെരിനാട് എന്ന സ്ഥലത്ത് ഒരു കുരിശ് ഒരു പ്ലാവിൽ ചാരി ഒരു ഷെഡ് കെട്ടി, പള്ളി പണിതതായി പ്രഖ്യാപിച്ചു. വിവരം അറിഞ്ഞ്, തറയിൽ തൊമ്മൻ മാപ്പിള, തന്റെ കൂട്ടുകാരൻ സ്വാർത്ഥ ചിന്തയോടുകൂടി ഏകപക്ഷീയമായി ഇങ്ങനെ ഒരു തീരുമാനം എടുത്ത് ഈ രീതിയിൽ പള്ളിവച്ചതിൽ സങ്കടപ്പെടുകയും ഒരു പരിധി വരെ കുപിതനാകുകയും ചെയ്തു. ആറിന്റെ മറുകരകടന്ന് എട്ടു കിലോമീറ്റർ അകലെ പ്രസ്തുത സ്ഥലത്തുപോയി ദിവ്യകർമ്മങ്ങ ളിൽ പങ്കെടുക്കുവാനുള്ള ബുദ്ധിമുട്ട് ഓർത്താണ്, തൊമ്മൻ മാപ്പിള കൂടുതലായി സങ്കടപ്പെട്ടതും പരിഭവിച്ചതും. സമർത്ഥനും ധീരനും രാജാവിന്റെ പ്രിയങ്കരനുമായിരുന്നുവെങ്കിലും ഒരു പള്ളി പണിയു വാനുള്ള സാമ്പത്തികപശ്ചാത്തലം അന്ന് വയലക്കൊമ്പിൽ ഇട്ടി യേപ്പ് മാപ്പിളക്കില്ലായിരുന്നു. അബദ്ധത്തിൽ തന്റെ സഹോദരീ ഭർത്താവിനെ, കൊലപ്പെടുത്തിയതിൽ, വടക്കുംകൂർ രാജാവിന്റെ വധശിക്ഷയെ ഭയന്ന് ഒളിച്ചോടി മീനച്ചിൽ കർത്താവിന്റെ രാജഗൃഹ ത്തിൽ ദാസവൃത്തിക്കായി പ്രവേശിക്കുകയും കളരിപ്പയറ്റ് നിശ്ചയ മുണ്ടായിരുന്ന അദ്ദേഹത്തെ കാലാന്തരത്തിൽ കർത്താവ് തന്റെ സൈന്യത്തിൽ നിയമിക്കുകയും സമർത്ഥ്യംകൊണ്ട് പടിപടിയായി ഉയർന്ന് സർവ്വസൈന്യാധിപൻ വരെ ആയിത്തീരുകയും ചെയ്ത അദ്ദേഹത്തിന് രാജാവ് താമസിക്കുവാൻ ഏതാനും സ്ഥലം മീനച്ചി ലിൽ കൊടുത്തു എന്നല്ലാതെ, ഒരു പള്ളി സ്വന്തനിലയിൽ പണിയു വാൻ സാമ്പത്തികശേഷി ഇല്ലായിരുന്നു. എന്നാൽ, തന്റെ രാജാ വിനെ സാമ്പത്തികമായിപ്പോലും സഹായിച്ചിരുന്ന തറയിൽ തൊമ്മൻ മാപ്പിളയ്ക്ക്, ഒരു പള്ളിപണിയുടെ മുഴുവൻ ചെലവും വഹിക്കുവാൻ ദൈവാനുഗ്രഹത്താൽ കഴിവും അതിനുള്ള മഹാ മനസ്കതയും ഉണ്ടായിരുന്നു.

ഏതായാലും പള്ളിയുടെ സ്ഥാനനിർണ്ണയത്തിൽ തറയിൽ മാപ്പിള ഇടഞ്ഞ വിവരം രാജാവിന്റെ ശ്രദ്ധയിൽപ്പെടുകയും തന്റെ പ്രിയങ്കരനായിരുന്ന വയലക്കൊമ്പൻ മാപ്പിളയെയും തറയിൽ തൊമ്മൻ മാപ്പിളയെയും അനുരഞ്ജിപ്പിക്കുന്നതിനായി അതിൽ ഇട പെടുവാൻ തീരുമാനിക്കുകയും ചെയ്തു. സ്ഥാനനിർണ്ണയ പ്രശ്നം വിശദമായി പഠിച്ചശേഷം രാജാവ് രണ്ടു കൂട്ടർക്കും സ്വീകാര്യമായ ഒരു തീരുമാനം എടുത്തു. തറയിൽ തൊമ്മൻ മാപ്പിളയുടെ താമസ സ്ഥലത്തുനിന്നും വയലക്കൊമ്പൻ മാപ്പിളയുടെ താമസസ്ഥലത്തേ ക്കുള്ള ദൂരം തന്റെ സർവ്വേയറെ വിട്ട് അളന്നു കണ്ടുപിടിക്കുകയും അതിന് കൃത്യം നടുവിലുള്ള സ്ഥാനം തിട്ടപ്പെടുത്തുകയും ആ സ്ഥലത്ത് പള്ളി പണിയുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. (അങ്ങനെ മീനച്ചിൽ കർത്താവ് നിശ്ചയിച്ച പ്രകൃതിമനോ ഹരമായ ഈ സ്ഥാനത്താണ് ഇപ്പോൾ കത്തീഡ്രൽ ആയിത്തീർന്നി രിക്കുന്ന പാലാ വലിയപള്ളി സ്ഥിതിചെയ്യുന്നത്.)

പുലിയന്നൂർനിന്ന്, ആറിന്റെ തെക്കേക്കരയിൽ വള്ളംകടന്ന് പോകണമെങ്കിൽത്തന്നെയും തൊമ്മൻ മാപ്പിള ഈ തീരുമാനം അംഗീകരിക്കുകയും ബാബേൽ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട മാർ യോഹന്നാൻ മെത്രാപ്പോലീത്തായെ പാലായിൽ ക്ഷണിച്ചു വരുത്തി 1002 ജൂലൈ 3-ാം തീയതി ശിലാസ്ഥാപനം നടത്തിക്കയും വെഞ്ചരിച്ച് കുരിശു സ്ഥാപിക്കുകയും പള്ളിപണി ആരംഭിക്കുകയും ചെയ്തു. ആയിരത്താണ്ടു പഴക്കമുള്ള തന്റെ ആഴമായ വിശ്വാസ പാരമ്പര്യം തൊമ്മൻ മാപ്പിള പ്രസ്പഷ്ടമാക്കിയ ഒരു സംഭവമാണ് അന്നത്തെ ഈ ശിലാസ്ഥാപനകർമ്മം.

## വീണ്ടും പ്രതിബന്ധങ്ങൾ

പള്ളിപണി ആരംഭിച്ചതോടുകൂടി വീണ്ടും പ്രതിബന്ധങ്ങൾ ഉണ്ടായി. സ്ഥലത്തെ അന്നത്തെ ഹൈന്ദവപ്രമാണിമാർക്ക് ഒരു ക്രൈസ്തവദൈവാലയം അവരുടെ വാസസ്ഥലങ്ങളുടെ സമീപത്ത് ഉണ്ടാകുന്നത് ഒട്ടും ഇഷ്ടമുള്ള കാര്യമല്ലായിരുന്നു. ഓരോ ദിവ സവും അവർ സംഘം ചേർന്ന് പണിതീർത്ത കല്ലുകൾ രാത്രിയിൽ പൊളിച്ച് ആറ്റിൽ എറിഞ്ഞുകൊണ്ടിരുന്നു. വിവരം മീനച്ചിൽ കർത്താ വിനെ അറിയിച്ചെങ്കിലും ആദ്യകാലങ്ങളിൽ അതുകൊണ്ടു ഫലമു



ണ്ടായില്ല. ഒടുവിൽ തൊമ്മൻ മാപ്പിളയ്ക്ക് തന്റെ ചിരകാലാഭിലാ ഷമായ പള്ളിപണി തുടരാൻ അപ്രതീക്ഷിതമായി ഉണ്ടായ ഹൈന്ദ വരുടെ ഈ പ്രതിഷേധവും അവരുണ്ടാക്കിയ കുഴപ്പങ്ങളും വളരെ അസഹ്യമായി തോന്നുകയും നാടുവാഴിയുടെ സംരക്ഷണം ഫല പ്രദമാകാത്ത സ്ഥിതിക്ക്, നാടുവിട്ടുപോകുവാൻ തീരുമാനിക്കുകയും ചെയ്തു. വിവരം ഉടനെതന്നെ മീനച്ചിൽ കർത്താവിനെ വയലിൽ കൊമ്പിൽ ഇട്ടിയേപ്പു മാപ്പിള മുഖാന്തിരം അറിയിച്ചു. മീനച്ചിലിന്റെ കാർഷിക വാണിജ്യപുരോഗതിക്ക് നിർണ്ണായകമായ പങ്കുവഹിച്ചു കൊണ്ടിരുന്ന തൊമ്മൻ മാപ്പിളയുടെ സാന്നിദ്ധ്യം മീനച്ചിൽ കർത്താവ് വളരെ വിലമതിച്ചിരുന്നു. വിദേശികളുമായി പോലും തൊമ്മൻ മാപ്പിള മലഞ്ചരക്ക് വ്യാപാരം നടത്തിയിരുന്നു. പോരെ ങ്കിൽ, കർത്താവിന്റെ സാമ്പത്തികോപദേഷ്ടാവും സാമ്പത്തികമായി കർത്താവിനെ സഹായിക്കുന്ന ആളും ആയിരുന്നു തൊമ്മൻ മാപ്പിള. തൊമ്മൻ മാപ്പിളയുടെ തീരുമാനം കർത്താവിനെ വളരെ വിഷമി പ്പിച്ചു. ഉടനെതന്നെ പള്ളിക്കു സമീപം ഒരു സ്രാംബ് (വരാന്തയി ല്ലാത്ത ഇരുനിലകെട്ടിടം) പണിചെയ്ത് അവിടെ താൻതന്നെ വന്നി രുന്ന് പള്ളി പണിയിക്കാമെന്ന് കർത്താവ് അറിയിച്ചതനുസരിച്ച് തൊമ്മൻ മാപ്പിള ഉടനെതന്നെ സ്രാംബ് തീർക്കുകയും കർത്താവ് പരിവാരസമേതം സ്ഥലത്തെത്തി, മുകളിൽ വിശ്രമിക്കുകയും താഴത്തെ നിലയിൽ കച്ചേരി നടത്തുകയും ചെയ്തു. പള്ളിപണി തടസ്സപ്പെടുത്തി, കുരിശും കല്ലുകളും ആറ്റിലെറിഞ്ഞ, ഹൈന്ദവ പ്രമാണിമാരായ ചെട്ടിയാന്മാരേയും പണിക്കർമാരേയും ഉടൻതന്നെ പിടിച്ച് തൂക്കിലിടുവാൻ സൈന്യാധിപനായിരുന്ന വയലിൽകൊ മ്പിൽ മാപ്പിളയോട് ആജ്ഞാപിക്കുകയും ചെയ്തു. വിവരമറിഞ്ഞ ചെട്ടിയാന്മാർ, കർത്താവിന്റെ അടുത്തുവന്ന് പശ്ചാത്തപിച്ച് ക്ഷമ ചോദിക്കുകയും കർത്താവ് അവരോടു ക്ഷമിച്ച് മേലിൽ ആവർത്തി ക്കാതിരിക്കാൻ കർശനമായി ചട്ടം കെട്ടുകയും ചെയ്തു. അങ്ങനെ രാപകൽ പള്ളിക്ക് സംരക്ഷണം ഏർപ്പെടുത്തി. 1003 ഏപ്രിൽ മാസ ത്തിൽ പണി പൂർത്തിയാക്കി ഉയിർപ്പു തിരുനാൾ ദിവസം ദിവ്യ ബലി അർപ്പിക്കുകയും ചെയ്തു. എന്നാൽ കർത്താവിന്റെ നിർദ്ദേ ശാനുസരണം പള്ളി സംരക്ഷണാർത്ഥം തൊമ്മൻ മാപ്പിളയും കുടും ബവും താത്കാലികമായി താമസം സ്രാമ്പിയിലേക്കു മാറ്റി. തുടർന്നും ഹൈന്ദവ പ്രമാണികളിൽനിന്ന് ശല്യങ്ങൾ ഉണ്ടായതിനെ

തുടർന്ന് പള്ളിയുടെ സമീപം വസ്തുക്കൾ വാങ്ങി താനും മക്കളും പള്ളിയുടെ സംരക്ഷണാർത്ഥം വീടുകൾ പണിയിച്ച് താമസം തുടങ്ങി. സ്രാമ്പിക്കൽ, ഞരളക്കാട്ട്, കുഴിയാംപ്ലാവിൽ, കിഴക്കയിൽ, വായുമറ്റം, മണിയഞ്ചിറ, ആറിന്റെ വടക്കേക്കരയിൽ പടിഞ്ഞാറേ തയ്യിൽ, കാപ്പിൽ, കുഴിവേലിൽ, പൊരുന്നോലിൽ, പുഴക്കര, പുതുമന തുടങ്ങിയ കുടുംബക്കാർ പള്ളിയുടെ സമീപം താമസമാക്കിയത് അങ്ങനെയാണ്. തറയിൽ തൊമ്മൻ മാപ്പിളയുടെ ഒരു മകൻ പുലിയന്നൂർ താമസിച്ചിരുന്നുവെന്നും അദ്ദേഹത്തിന്റെ സന്തതിപരമ്പരകളിൽ പെട്ടവരാണ് പുലിയന്നൂർ അടുത്ത് താമസിക്കുന്ന പാറയിൽ, ഇലവനാൽ, കലേക്കാട്ടിൽ, കടൂക്കുന്നേൽ തുടങ്ങിയ കുടുംബക്കാർ എന്നും വിശ്വസിച്ചുപോരുന്നു.

## പള്ളിഭരണം

1002-ൽ സ്ഥാപിതമായ പാലാ പള്ളിയുടെ സ്ഥാപനം മുതൽ 750-ൽപ്പരം വർഷങ്ങൾ തറയിൽ, വയലക്കൊമ്പ്, എറകോന്നി, കൂട്ടുങ്കൽ ഈ കുടുംബങ്ങളാണ് പള്ളിക്കാര്യങ്ങൾ നടത്തിയിരുന്നതത്. ഈ കുടുംബങ്ങളിലെ വൈദികർ മാറിമാറി തവണപ്രകാരം ഇടവക ഭരണം നടത്തിയിരുന്നു. 17-ാം നൂറ്റാണ്ടിന്റെ അവസാനകാലം ഇടവകക്കാരായി വന്നുചേർന്ന കൊട്ടുകാപ്പള്ളി, പാറപ്പള്ളിയിൽ താമസിക്കുന്ന വെള്ളാപ്പാട്ട്, കട്ടക്കയം, കുടക്കച്ചിറ തുടങ്ങി 12 വീട്ടുകാരെ പുതിയതായി ഉൾപ്പെടുത്തി 16 പേരെ പള്ളിയോഗക്കാരായി നിശ്ചയിച്ചു. ഇപ്പോൾ പൊതുയോഗം യോഗക്കാരെ തെരഞ്ഞെടുക്കുന്നു.

## സഭയിൽ നിന്നും സ്ഥാപകവീട്ടുകാർക്ക് നൽകിയ പ്രത്യേകാനുകൂല്യങ്ങൾ

പള്ളിസംബന്ധമായ എഴുത്തുകുത്തുകൾക്ക് 1-ാം സ്ഥാനപ്പേരും അധികാരാവകാശങ്ങളും തറയിൽ കുടുംബക്കാർക്ക് ലഭിച്ചിരുന്നു. കുഴിക്കാണം നൽകാതെ കബറടക്കാനുള്ള അവകാശം ഈ നാല് സ്ഥാപക കുടുംബക്കാർക്ക് നൽകിയിരുന്നു. തന്നെയല്ല, ശവസംസ്കാരത്തിന് നിശ്ചയിച്ച 3-ാം നിരയിൽ തെക്കുഭാഗം തറയിൽ കുടുംബക്കാർക്കും വടക്കുഭാഗം വയലക്കൊമ്പൻ കുടുംബക്കാർക്കും 4-ാം നിര കൂട്ടുങ്കൽ കുടുംബക്കാർക്കും 5-ാം നിര മേവിട മാപ്പിള (എറകോന്നി) കുടുംബക്കാർക്കും കുഴിക്കാണമില്ലാതെ അടക്കാൻ തിരിച്ചുകൊടുത്തിരുന്നു.



## കുഴിവേലിൽ കാപ്പിൽ കുടുംബങ്ങളുടെയും ളാലം പഴയ പള്ളിയുടെയും സ്ഥാപനം

പള്ളിയുടെ തൊട്ട് തെക്കേപുരയിടമായ ഞരളക്കാട്ട് താമസിച്ചിരുന്ന തറയിൽ മാപ്പിളയുടെ പരമ്പരയിലെ കുര്യൻ എന്ന പൂർവ്വികന്റെ രണ്ടാമത്തെ പുത്രനായ ചെറിയാൻ 1600-മാണ്ട് ആറിന്റെ വടക്കേക്കരയിൽ ളാലം കുന്നിലേക്ക് താമസം മാറ്റി. അദ്ദേഹം ആദ്യം വീട് നിർമ്മിച്ചത് ഇപ്പോൾ ളാലം പള്ളിയുടെ ഗ്രോട്ടോ ഇരിക്കുന്ന സ്ഥലത്തായിരുന്നു. അവിടെ ആ പറമ്പിന്റെ പേര് കുഴിവേലിൽ പറമ്പ് എന്നായിരുന്നു. ആ വീടിന്റെ ചുറ്റുമുള്ള സ്ഥലങ്ങളെല്ലാം കുഴിവേലിക്കാരുടെ ആയിരുന്നു. ളാലം കുന്നിൽ ചെറിയാൻ, കുഴിവേലിൽ ചെറിയാൻ കുര്യൻ എന്നെല്ലാം ഇദ്ദേഹത്തെ വിളിച്ചിരുന്നു. ഇദ്ദേഹം പകലോമറ്റം പള്ളിവീട്ടിൽ ചാണ്ടി മെത്രാന്റെ സഹോദരി എലിസബത്തിനെ കല്യാണം കഴിക്കുകയും കുരുവിള, മത്തായി എന്ന രണ്ടു മക്കൾ അവർക്ക് ഉണ്ടാകുകയും ചെയ്തു. ഇവരിൽ മത്തായി വൈദികനായി; അദ്ദേഹം അമ്മാവനെപ്പോലെ മെത്രാനാകുമെന്ന് വിചാരിച്ചെങ്കിലും നടന്നില്ല. ചാണ്ടി മെത്രാനോട് വളരെ എളുപ്പത്തിൽ അനുവാദം വാങ്ങി ചെറിയാൻ കുര്യൻ ളാലം പഴയ പള്ളി സ്ഥാപിച്ചു. 1661 സെപ്റ്റംബർ 8-ാം തീയതി, തന്റെ മകൻ ബഹു. മത്തായിക്കത്തനാർ തന്റെ അമ്മാവൻ പള്ളിവീട്ടിൽ ചാണ്ടി മെത്രാന്റെയും റപ്പായേൽ മെത്രാന്റെയും അനുഗ്രഹാശ്ശിസ്സുകളോടെ കുരിശുവച്ച് വെഞ്ചരിച്ച് അവിടെ പുത്തൻകുർബ്ബാന ചൊല്ലുകയും ചെയ്തു. ളാലം പള്ളി സ്ഥാപിച്ചതിന് ശേഷം, ആദ്യം അർപ്പിച്ച കുർബാനയും ഇതുതന്നെയായിരുന്നു.

താമസിയാതെ തന്റെ ഭാര്യ എലിസബത്ത് മരിച്ചുപോയതിനാൽ ചെറിയാൻ കുര്യൻ, അരുവിത്തുറ തടിക്കൽ അന്നയെ വിവാഹം ചെയ്യുകയും കാപ്പിലേക്ക് (ഇപ്പോൾ കിഴതടിയൂർ ബാങ്ക് ഇരിക്കുന്ന സ്ഥലം) താമസം മാറ്റുകയും അതോടെ കുഴിവേലിൽ ചെറിയാൻ കുര്യൻ, കാപ്പിൽ ചെറിയാൻ കുര്യൻ എന്നറിയപ്പെടുവാൻ ഇടയാകുകയും ചെയ്തു. ഈ കാപ്പിൽ ചെറിയാന്റെയും തടിക്കൽ അന്നയുടെയും ഏകമകനായിരുന്നു കാപ്പിൽ ഉണിച്ചെറിയാ. ഇദ്ദേഹത്തിന്റെ നാലു മക്കളിൽ മൂത്ത മകൻ ചെറിയാൻ കുര്യൻ മൈലാടൂർ താമസിച്ചു. പാലായിൽ മുണ്ടുപാലം ഭാഗത്ത് ഞാവള്ളിൽ തെക്കേൽ

കുടുംബത്തിന്റെ കിഴക്കുവശം ളാലം തോടിന്റെ കരയ്ക്ക് ഇപ്പോഴും ഈ ഭവനമുണ്ട്. അവിടെ ഇപ്പോഴത്തെ താമസക്കാർ തോമസ് കാപ്പന്റെ സന്തതികളാണ്. അന്ന് മയിലാടൂർ താമസിച്ച ഇദ്ദേഹത്തിന്റെ ആറു മക്കളിൽ മൂന്നാമത്തെ മകനായ ചെറിയാൻ കുര്യൻ, കട്ടക്കയത്ത് ചാണ്ടി മാപ്പിളയുടെ മകളും കട്ടക്കയത്ത് എബ്രാഹം ഗോവർണ്ണദോരുടെ സഹോദരിയുമായ മറിയത്തെ വിവാഹം ചെയ്ത് ഏതാണ്ട് 1750-ാമാണ്ട് മയിലാടൂർ തറവാട്ടിൽനിന്ന് 2 ഫർലോംഗ് വടക്കുമാറി, മീനച്ചിൽ താലൂക്ക് ളാലം വില്ലേജ് ളാലം കരയിൽ പാലാ മുനിസിപ്പാലിറ്റിയുടെ വടക്ക് (ഇപ്പോൾ രണ്ടാം വാർഡിൽ) ഞാവള്ളിൽ പുരയിടത്തിൽ വീടു പണിയിച്ച് (ഏതാണ്ട് 250 വർഷങ്ങൾക്കുമുമ്പ്) താമസിച്ചു.

അദ്ദേഹത്തിന് അഞ്ചു മക്കൾ. 4 പുത്രന്മാരും ഒരു പുത്രിയും.

1) പഴയിടത്ത് തൊമ്മൻ

2) പുത്തൻപുരയിൽ കുര്യൻ

3) ബഹു. ഉതുപ്പ് മൽപ്പാൻ

4) ഞാവള്ളിൽ ചാണ്ടി

ഏകമകളെ പാലായിൽ മൂലയിൽ കുടുംബത്തിൽ വിവാഹം ചെയ്തയച്ചു.

ഇവരുടെ സന്തതിപരമ്പരകളാണ് ഇപ്പോഴത്തെ ഞാവള്ളി കുടുംബക്കാർ.

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| *കെ.കെ.സിറിയക്*<br>*കാടൻകാവിൽ* | *കെ.സി. അലക്സ്*<br>*കൂന്താനം* | *ജോസ് സിറിയക്*<br>*തെക്കേൽ* |

# ഞാവള്ളിൽ കുടുംബം – ചരിത്രപശ്ചാത്തലം

ഞാവള്ളിൽ കുടുംബത്തിന്റെ മൂന്നാം തലമുറയിൽപ്പെട്ട ഒൻപത് ശാഖകളിലെയും ഇന്ന് ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങളുടെ ചരിത്രം ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്നു. ശാഖകൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന ടേബിൾ ശ്രദ്ധിക്കുക.

**സ്ഥാപകൻ**

ഒന്നാം തലമുറ - ചെറിയാൻ കുര്യൻ ഞാവള്ളിൽ

അമ്മ - മറിയം, കട്ടക്കയം കുടുംബാംഗം

**രണ്ടാം തലമുറ**

| A | B | C | D |
|---|---|---|---|
| തൊമ്മൻ പഴയിടം | കുര്യൻ പുത്തൻപുരയിൽ | ബഹു. ഉതുപ്പ് കത്തനാർ | ചാണ്ടി ഞാവള്ളിൽ |

**മൂന്നാം തലമുറ-**

A) *പഴയിടത്തു കുര്യൻ (ഒരു മകൻ മാത്രം).*

B) *പുത്തൻപുരയിൽ കുര്യൻ തരകൻ (മൂന്നാൺമക്കൾ)*

1) തെരുവൻകുന്നേൽ ഉതുപ്പ്
2) മഞ്ഞക്കുന്നേൽ കുര്യൻ
3) പുത്തൻപുരയിൽ ഇട്ടിരാ

D) *ചാണ്ടി ഞാവള്ളിൽ (അഞ്ചാൺമക്കൾ)*

1) തെക്കേൽ കുര്യൻ
2) പനമറ്റത്തിൽ ചാക്കോ
3) വിലങ്ങുപാറ ചാണ്ടി
4) പുത്തൻപുരയ്ക്കൽ തൊമ്മി
5) ഞാവള്ളിൽ ഉതുപ്പ്

ഇങ്ങനെ ഒൻപത് പ്രധാനശാഖകൾ ജന്മമെടുക്കുന്നു.

# ഞാവള്ളിൽ കുടുംബചരിത്രാവതരണം

ഞാവള്ളിൽ കുടുംബത്തിന്റെ സ്ഥാപകമാതാപിതാക്കൾ മൈലാടൂർ കുടുംബത്തിൽപ്പെട്ട ചെറിയാൻ കുര്യനും അദ്ദേഹത്തിന്റെ സഹധർമ്മിണി കട്ടക്കയം കുടുംബത്തിൽപ്പെട്ട ചാണ്ടി മറിയവും ആകുന്നു. ഏതാണ്ട് ക്രിസ്ത്വബ്ദം 1750-ൽ ളാലം കരയിൽ ഞാവള്ളിൽ ചേരിക്കലിൽ ഭവനം നിർമ്മിച്ച് അവിടെ താമസം തുടങ്ങി. ഇവർക്ക് നാലു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പഴയിടത്ത് തൊമ്മൻ, പുത്തൻപുരയിൽ കുര്യൻ തരകൻ, ഞാവള്ളിൽ ബഹു. ഉതുപ്പ് മൽപാൻ, ഞാവള്ളിൽ ചാണ്ടി. പാലായിൽ മൂലയിൽ മകളെ വിവാഹിതയാക്കി. ബഹു. ഉതുപ്പ് മൽപാൻ ളാലം പള്ളിയോട് അനുബന്ധിച്ച് സെമിനാരി നടത്തിയിരുന്നു.

പഴയിടത്ത് തൊമ്മന് ഒരു മകനും പുത്തൻപുരയിൽ കുര്യന് മൂന്നു മക്കളും (അഞ്ചു മക്കൾ ഉണ്ടായെങ്കിലും രണ്ടു പേർ അകാലചരമമടഞ്ഞു) ഞാവള്ളിൽ ചാണ്ടിക്ക് അഞ്ചു പുത്രന്മാരും ഉണ്ടായി. ഇങ്ങനെ ഞാവള്ളിൽ കുടുംബത്തിൽ മൂന്നാം തലമുറയിൽ ഒൻപതു ശാഖകളുണ്ടായി. ഇവരുടെ സന്തതിപരമ്പരകളുടെ വിവരണങ്ങൾ താഴെ ചുരുക്കമായി വിശദീകരിക്കുന്നു.